بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 10

ലക്കം 46

# ബദർ

വീക്കിലി ഖാദിയാൻ

Weekly

**BADAR** Qadian

Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 നവംബർ 13 • ഹി.ശം 1404 നുബുവ്വത്ത് 13 • ഹി:ഖ 1446 ജമാദുൽ അവ്വൽ 21


## അല്ലാഹുവിന്റെ വചനം

إِنَّ اللّٰهَ لَا يَخۡفٰى عَلَيۡهِ شَيۡءٌ فِي الۡاَرۡضِ وَلَا فِي السَّمَآءِ ۝

﴿سُوۡرَةُ اٰلِ عِمۡرَانَ:6﴾

തങ്ങളുടെ നാഥന്റെ വിളിക്കുത്തരം നല്കുകയും നമസ്കാരം നിലനിറുത്തുകയും തങ്ങളുടെ കാര്യങ്ങൾ പരസ്പരം കൂടിയാലോചിച്ച് തീരുമാനിക്കുകയും നാം അവർക്കു നല്കിയതിൽനിന്ന് ചടലവഴിക്കുകയും ചെയ്യുന്നവരും.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ് രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**അല്ലാഹുവിന്റെ റസൂലിﷺനെ വിശ്വസിക്കാത്തവൻ കാഫിറാണ്. എന്നാൽ, മഹ്ദിയേയും മസീഹിനേയും വിശ്വസിക്കാത്തവന്റെ ഈമാനും നഷ്ടപ്പെട്ടുപോകുന്നതായിരിക്കും. പര്യവസാനം ഒന്നുതന്നെയാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ഉപദേശങ്ങൾ

### ഇസ്തിഗ്ഫാർ അഥവാ പാപപ്പൊറുതി തേടൽ:

കടംവീട്ടുന്നതിന് ദുആ ചെയ്യാൻ ഒരാൾ അപേക്ഷിച്ചു. പറഞ്ഞു:

"ഒരുപാട് ഇസ്തിഗ്ഫാർ ചൊല്ലുക."

അറബി തഫ്സീറെഴുതാൻ അദൃശ്യമായ ശക്തി.

തഫ്സീറെഴുതുന്നതിനെ സംബന്ധിച്ച് പറഞ്ഞു:"ദിവസം കുറച്ചേ ബാക്കിയുള്ളു. ഇപ്പോൾ നാം ഉർദു എഴുതുന്നതുപോലെ വേഗം വേഗം എഴുതുന്നു. എന്നല്ല പലപ്പോഴും പേന ഒഴുക്കോടെ ചലിക്കുന്നു. എന്താണെഴുതിക്കൊണ്ടിരിക്കുന്നതെന്ന് നമുക്കറിയില്ല."

### അന്യരെ പിന്തുടർന്ന് നമസ്കരിക്കൽ:

ആരോ ചോദിച്ചു, അങ്ങയുടെ മുരീദല്ലാത്തവരെ പിന്തുടർന്ന് നമസ്കരിക്കുന്നതിൽനിന്ന് അങ്ങയുടെ മുരീദുമാരെ തടഞ്ഞതെന്തിനാണ്?

ഹദ്റത്ത് ؑ പറഞ്ഞു:

"തെറ്റുധരിച്ച് എടുത്തുചാടി അല്ലാഹു സ്ഥാപിച്ച ഈ ജമാഅത്തിനെ നിഷേധിക്കുകയും ഇത്രത്തോളം അടയാളങ്ങളെ വിലമതിക്കാതിരിക്കുകയും ഇസ്ലാമിനുമേലുണ്ടായിട്ടുള്ള വിനാശങ്ങളിൽ അശ്രദ്ധരായിരിക്കുകയും ചെയ്യുന്നവർ തഖ്വയോടെ അഥവാ ഭക്തിയോടെ പ്രവർത്തിച്ചില്ല. അല്ലാഹു തന്റെ പരിശുദ്ധ കലാമിൽ പറയുന്നു: ***ഇന്നമാ യത്തഖബ്ബലല്ലാഹു മിനൽ മുത്തഖീൻ*** (5:27) അല്ലാഹു മുത്തഖിയായവരുടെ നമസ്കാരമാണ് സ്വീകരിക്കുന്നത്. അതുകൊണ്ടാണ് ആരുടെ നമസ്കാരമാണോ ഖബൂലിയത്തിന്റെ അഥവാ സ്വീകാരത്തിന്റെ ദർജ പ്രാപിച്ചിട്ടില്ലാത്തത് അവരുടെ പിന്നിൽ നമസ്കരിക്കരുതെന്ന് പറയപ്പെട്ടിട്ടുള്ളത്."

### മസീഹ് മൗഊദിനെ വിശ്വസിക്കാത്തതിന്റെ ഫലം:

"സത്യത്തെ എതിർക്കുന്നവരുടെ ഈമാൻ പതുക്കെപ്പതുക്കെ നഷ്ടപ്പെട്ടുപോകുന്നു എന്നത് മഹാത്മാക്കളുടെ പണ്ടുമുതലെയുള്ള മതമാണ്. അല്ലാഹുവിന്റെ റസൂലിﷺനെ വിശ്വസിക്കാത്തവൻ കാഫിറാണ്. എന്നാൽ, മഹ്ദിയേയും മസീഹിനേയും വിശ്വസിക്കാത്തവന്റെ ഈമാനും നഷ്ടപ്പെട്ടുപോകുന്നതായിരിക്കും. പര്യവസാനം ഒന്നുതന്നെയാണ്. ആദ്യം എതിർപ്പുണ്ടാകുന്നു. പിന്നീട് അന്യനെന്ന അവസ്ഥ. പിന്നീട് ശത്രുത. പിന്നീട് അഹങ്കാരം. അവസാനം ഈമാൻ നഷ്ടപ്പെടുകയും ചെയ്യുന്നു." *(മൽഫൂദാത്ത് വാല്യം 2, പേജ് 96-97 പതിപ്പ് 2018 ഖാദിയാൻ)*

**അല്ലാഹു എത്രത്തോളം വസ്തുക്കൾ നിഷിദ്ധമാക്കിയിട്ടുണ്ടോ അവയുടെ കാരണം അവയുടെ ശാരീരികവും ധാർമികവും ആത്മീയവുമായ വിഷമാണ്. മനുഷ്യന്റെ ശാരീരികവും ധാർമികവും ആത്മീയപരവുമായ അഭിവൃദ്ധിക്ക് നിദാനമാകുന്നതിനെയെല്ലാം അനുവദനീയമാക്കി.**

സയ്യിദുനാ ഹദ്റത്ത് മുസ്ലിഹ് മൗഊദ്ؓ സൂറത്തുൽ മുഅ്മിനൂനിലെ 52-ാമത്തെ വചനമായ ***യാഅയ്യുഹർറുസുലു കുലൂ മിൻത്വയ്യിബാത്തി വഅ്മലൂ സ്വാലിഹൻ ഇന്നീ ബിമാ തഅ്മലൂന അലീമുൻ.*** ഓ ദൈവദൂതന്മാരേ! പരിശുദ്ധ വസ്തുക്കളിൽനിന്ന് നിങ്ങൾ ഭക്ഷിക്കുകയും നല്ലത് പ്രവർത്തിക്കുകയും ചെയ്യുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ച് ഞാൻ നല്ലവണ്ണം അറിയുന്നവനാണ്" എന്നതിന് എഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു:

ഈ ആയത്തിൽ വഞ്ചിതരാകാൻ പാടില്ല. ഇവിടെ നബിമാർ മാത്രമാണ് സംബോധന ചെയ്യപ്പെട്ടിട്ടുള്ളത്. കാരണം വിശുദ്ധഖുർആനിന്റെ നിയമമിതാണ്. അതിൽ ചിലയിടത്ത് നബിമാർ സംബോധന ചെയ്യപ്പെടുന്നു. പക്ഷേ, അതുകൊണ്ടുള്ള ഉദ്ദേശ്യം അവരുടെ ശിഷ്യന്മാരെല്ലാവരുമാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു നബിﷺതിരുമേനിയെ സംബോധന ചെയ്ത് പറയുന്നു:

***ഇമ്മാ യബ്ലുഗന്ന യിൻദക്കൽ കിബറ അഹദുഹുമാ ഔ കിലാഹുമാ ഫലാ തഖുല്ലഹുമാ ഉഫ്ഫിൻവ്വലാ തൻഹർഹുമാ വ ഖുൽല്ലഹുമാ ഖൗലൻ കരീമൻ*** അവർ രണ്ടുപേരിൽ ഒരാളോ അല്ലെങ്കിൽ രണ്ടുപേരുമോ നിന്റെയടുക്കൽ (നിന്റെ ജീവിതകാലത്ത്)വാർധക്യം പ്രാപിക്കുകയാണെങ്കിൽ നീ അവരോടു 'ഛെ' എന്നുപോലും പറഞ്ഞുപോകരുത്. നീ അവർ രണ്ടുപേരോടും കയർത്തു സംസാരിക്കുകയുമരുത്. അവർ രണ്ടുപേരോടും മാന്യമായ വാക്ക് പറയുക. ഇവിടെ സംബോധിതർ പ്രത്യക്ഷത്തിൽ നബിﷺതിരുമേനിയാണ്. പക്ഷേ, ഇതുകൊണ്ടുദ്ദേശിക്കുന്നത് നബിﷺതിരുമേനിയുടെ സമുദായത്തിലെ അംഗങ്ങളാണ്. കാരണം നബിﷺ തിരുമേനിയുടെ പിതാവ്, അവിടന്ന് ജനിക്കുന്നതിന് മുമ്പേയും അവിടത്തെ മാതാവ് അവിടന്ന് യുവത്വം പ്രാപിക്കുന്നതിനു മുമ്പേയും വഫാത്തായി കഴിഞ്ഞിരുന്നു. ഈ നിയമമനസരിച്ച് ഇവിടെ നബിമാരാണ് സംബോധന ചെയ്യപ്പെട്ടിരിക്കുന്നത്. പക്ഷേ, ഇതുകൊണ്ടുള്ള ഉദ്ദേശ്യം ആ റസൂൽമാരുടെ അനുയായികളാണ്. അനുവദനീയവും പരിശുദ്ധവുമായ വസ്തുക്കൾ തിന്നുക എന്ന് അല്ലാഹു അവരോടു കൽപ്പിച്ചു. കാരണം അതിന്റെ ഫലമായി നിങ്ങൾക്ക് സൽക്കർമങ്ങൾ ചെയ്യാൻ തൗഫീഖ് കിട്ടുന്നതായിരിക്കും.

യാഥാർഥ്യമിതാണ്, മനുഷ്യന്റെ ഭക്ഷണം അവന്റെ സ്വഭാവത്തിൽ അഗാധമായ സ്വാധീനം ചെലുത്തുന്നു. ഏതെല്ലാം തരത്തിലുള്ള സ്വാധീനങ്ങൾ ഒരു ഭക്ഷണത്തിലുണ്ടാകുന്നുവോ അതുപോലെതന്നെ ശാരീരികവും സ്വഭാവപരവുമായ മാറ്റങ്ങളുണ്ടാകാനും തുടങ്ങുന്നു. കാരണം ദുൻയാവിൽ മനുഷ്യന് തന്റെ എല്ലാ സ്വഭാവപരമായ വികാരങ്ങളും പൊന്തിവരുന്നതിനും അവയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും ആവശ്യമുണ്ടാകുന്നു. അവന്റെ സകല കഴിവുകളും ഉപയോഗിച്ച് അല്ലാഹു സംതൃപ്തി കരസ്ഥമാക്കുന്നതിന്! അതുകൊണ്ട് വിശുദ്ധ ഖുർആൻ ശാരീരികവും സ്വഭാവപരവും ആത്മീയപരവുമായ ഉപദ്രവം പ്രകടമാക്കുന്നതിന്! ഉദാഹരണത്തിന് അല്ലാഹു ശവം രക്തം പന്നിയിറച്ചി തിന്നുന്നത് ഹറാമാക്കിയിരിക്കുന്നു. ഇതുപോലെ അല്ലാഹുഅല്ലാത്തവരുടെപേരിൽ അർപിക്കുന്ന എല്ലാ വസ്തുക്കളും നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. ഇവയിലൊരു വസ്തുവും വളരെ വലിയ നഷ്ടങ്ങൾ ഉണ്ടാക്കാത്തവയായിട്ടില്ലെ

ശേഷം പേജ് 8 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്വ്ബ ജുമുഅ

**നബിﷺതിരുമേനി അവരുടെ വിലാപം കേട്ടു. അവരുടെ അഭ്യർഥന തള്ളിക്കളഞ്ഞില്ല. പകരം ഇപ്രകാരം പറഞ്ഞു: 'ഞാൻ നിങ്ങളെ ഒരുപാട് ദിവസങ്ങൾ കാത്തിരുന്നു. പിന്നീട് നിങ്ങൾ വരില്ലെന്ന് എനിക്കുറപ്പായി. ഇപ്പോൾ നിങ്ങൾ കാണുന്നുണ്ടല്ലോ, തടവുകാരിൽ വളരെ കുറച്ചുപേർ മാത്രമേ എന്റെ പക്കലുള്ളൂ. ബാക്കിയെല്ലാവരെയും വീതിച്ചു കഴിഞ്ഞു. എനിക്കേറ്റവും ഇഷ്ടപ്പെട്ട കാര്യം സത്യസന്ധതയാണ്. (വാഗ്ദാന പാലനമാണ്). അതിനാൽ നിങ്ങൾക്ക് ഈ രണ്ടു കാര്യങ്ങളിലൊന്ന് തിരഞ്ഞെടുക്കാം; ഒന്നുകിൽ തടവുകാരായ സ്ത്രീകളെയും പുരുഷന്മാരെയും, അല്ലെങ്കിൽ സ്വത്തും വസ്തുവകകളും.**

**നബിﷺതിരുമേനി ബനൂഹവാസിൻ തടവുകാരെ ഒരുവിധ പ്രതിഫലവും വാങ്ങാതെ മോചിപ്പിച്ചതുകൂടാതെ അവർക്ക് പുതുവസ്ത്രങ്ങളും നല്കി.**

**നബിﷺതിരുമേനി ജിഅ്റാനയിൽ ഉണ്ടായിരിക്കുമ്പോൾ, ഒരു രാത്രി അവിടന്ന് ഉംറ ചെയ്യാൻ മക്കയിൽ പോകുകയും അതേ രാത്രിതന്നെ തിരിച്ചുവരുകയും ചെയ്തു.**

**മാലിക് ബിൻ ഔഫ് തന്നെയാണ് ബനൂ ഹവാസിനെയും ഥഖീഫിനെയും മറ്റു ഗോത്രങ്ങളെയും സംഘടിപ്പിച്ച് മുസ്‌ലിമീങ്ങളെ നശിപ്പിക്കാൻ വന്നത്. അയാൾ നബിﷺതിരുമേനിയുടെ രക്തത്തിനുവേണ്ടി ദാഹിച്ചിരുന്നു. പക്ഷേ, നബിﷺതിരുമേനിയുടെ മാതൃകയുടേയും ക്ഷമാഗുണത്തിന്റേയും മാപ്പിന്റേയും ശ്രേഷ്ഠത എന്തായിരുന്നുവെന്നാൽ അവിടന്ന് അവരുടെ സന്മാർഗത്തിന്റേയും വഴികാട്ടലിന്റേയും ദാഹിയായിരുന്നു. അദ്ദേഹം സന്മാർഗം തേടി വന്നപ്പോൾ, എല്ലാം മാപ്പാക്കുക മാത്രമല്ല അക്കാലത്തെ ഏറ്റവും വിലപിടിപ്പുള്ള സമ്പത്തെന്ന് കണക്കാക്കിയിരുന്ന നൂറ് ഒട്ടകം നല്കുകയും ചെയ്തു.**

**നബിﷺതിരുമേനി തന്റെ മുലകുടിബന്ധത്തിലുള്ള സഹോദരിയോടു പറഞ്ഞു: 'നിങ്ങൾക്ക് നല്ലതെന്ന് തോന്നുന്നെങ്കിൽ ഞങ്ങളുടെ കൂടെ താമസിക്കാം. നിങ്ങൾക്ക് ആദരവും സ്നേഹവും ലഭിക്കും. ഇനി, സ്വന്തം ഗോത്രത്തിന്റെ അടുത്ത് തിരിച്ചു പോകാനാണ് ആഗ്രഹിക്കുന്നതെങ്കിൽ, ബന്ധുക്കളോടുള്ള നന്മയെന്നോണം ഞാൻ നിങ്ങളെ തിരിച്ചയക്കാം.'**

**ഹുനയ്ൻ യുദ്ധത്തിന്റെ അവസ്ഥകളുടേയും സംഭവങ്ങളുടേയും പശ്ചാത്തലത്തിൽ നബിചരിത്രത്തിന്റെ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങളുടെ ചർച്ച.**

**ഡോക്ടർ ലയീഖ് അഹ്‌മദ് ഫറഖ് സാഹിബ് ഓഫ് കനഡയുടേയും ഹമീദ് അഹ്‌മദ് ഗോറി സാഹിബ് ഓഫ് ഹൈദരാബാദ്, ഭാരതത്തിന്റേയും അനുസ്മരണവും ജനാസ ഗാഇബും.**

**ഞാനും അദ്ദേഹം ഘാനയിൽ താമസിച്ചിരുന്ന കാലത്ത് അദ്ദേഹത്തോടൊപ്പം സമയം ചെലവഴിച്ചിട്ടുണ്ട്. ഞാൻ അദ്ദേഹത്തെ കണ്ടിട്ടുണ്ട്. അങ്ങേയറ്റം മാന്യനും വിനയാനതനും സേവനസന്നദ്ധനുമായ വ്യക്തിയായിരുന്നു. ഇസ്‌ലാമിനുവേണ്ടി ജീവിതാർപണം ചെയ്തവരെ വളരെയധികം ആദരിക്കുന്നയാളായിരുന്നു. അതിഥി സൽക്കാരഗുണം അദ്ദേഹത്തിലും ഭാര്യയിലും നിറഞ്ഞിരുന്നു. വളരെ ചുരുക്കം ആളുകളിൽ മാത്രം കാണുന്ന നിരവധി ഗുണങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു.**

**ഖുത്ബ ജുമുഅ 2025 ഒക്ടോബർ 03, 1404 അഖാഅ് 03 മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ് ടിൽഫോർഡ്, (സർറെ) യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹുനയ്ൻ യുദ്ധാനന്തരം ലഭിച്ച ഗനീമത്തുമുതലുകളും അവയുടെ വിതരണവും സംബന്ധിച്ചായിരുന്നു പരാമർശിച്ചിരുന്നത്. തത്സംബന്ധമായ കൂടുതൽ സംഭവങ്ങൾ ഇപ്രകാരം വിവരിക്കപ്പെടുന്നു. ഹുനയ്ൻ വിജയത്തിനുശേഷം, നബിﷺതിരുമേനി ഗനീമത്ത് സ്വത്തുക്കളെല്ലാം ജിഅ്റാന എന്ന സ്ഥലത്ത് ഒരുമിച്ചുകൂട്ടാൻ ഉത്തരവിടുകയും അവിടന്ന് ത്വാഇഫിലേക്ക് തിരിക്കുകയും ചെയ്തു. ഏറെക്കുറേ ഒരു മാസത്തിനുശേഷം അവിടന്ന് ത്വാഇഫിൽനിന്ന് ജിഅ്റാനയിൽ തിരിച്ചെത്തി. അവിടെയെത്തിയിട്ടും നബിﷺതിരുമേനി ഗനീമത്തുമുതൽ ഉടൻ വിതരണം ചെയ്തില്ല, കുറച്ചു ദിവസങ്ങൾ കാത്തിരുന്നു. ചിലരുടെ അഭിപ്രായത്തിൽ, ഹവാസിൻ ഗോത്രക്കാർ പശ്ചാത്തപിച്ച് തിരിച്ചു വരുമെന്നും, അങ്ങനെ വന്നാൽ അവരുടെ കുടുംബാംഗങ്ങളെയും കന്നുകാലികളെയും അവർക്ക് തിരികെ നൽകേണ്ടിവരുമെന്നും കരുതി നബിﷺതിരുമേനി പതിമൂന്നോ പതിനാലോ ദിവസം കാത്തിരുന്നു. നബിﷺതിരുമേനി അവരെ കാത്തിരുന്നപ്പോൾ, തങ്ങൾ തിരിച്ചുപോകുന്നത് ഗുണകരമാകുമോ എന്ന ആശങ്കയിലായിരുന്നു ഹവാസിൻഗോത്രക്കാർ. ഒടുവിൽ ഇത്രയും കാത്തിരുന്ന ശേഷം, അവർ വരുന്നില്ലെന്ന് കണ്ടപ്പോൾ നബിﷺതിരുമേനി ഗനീമത്തുമുതലും തടവുകാരെയും വീതിച്ചു. ഈ വിതരണം പൂർത്തിയായപ്പോൾ, ഹവാസിൻ ഗോത്രത്തിലെ പതിനാല് പ്രമുഖർ നബിﷺതിരുമേനിയുടെ അടുത്തു വന്നു. അവർ ഇസ്‌ലാം സ്വീകരിച്ചവരായിരുന്നു. തങ്ങളുടെ മുഴുവൻ ഗോത്രവും ഇസ്‌ലാം സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. തുടർന്ന്, കാരുണ്യത്തിന് അപേക്ഷിച്ചുകൊണ്ട് അവർ ഇപ്രകാരം പറഞ്ഞു: 'അല്ലയോ അല്ലാഹുവിന്റെ റസൂലേ! ഞങ്ങൾ കുടുംബമഹിമയും ആദരവുമുള്ളവരാണ്. ഞങ്ങൾ നേരിടുന്ന ഈ കഷ്ടപ്പാടും ദുരിതവും അങ്ങയിൽനിന്നു ഗോപ്യമല്ലല്ലോ. അങ്ങ് ഞങ്ങളോടു ഔദാര്യം കാണിച്ചാലും, അല്ലാഹു അങ്ങയോടും ഔദാര്യം കാണിക്കുന്നതാണ്.' ആ സംഘത്തിന്റെ നേതാവ് അബൂസ്വുർദ് സുഹയ്ർ ബിൻ ജർവൽ ആയിരുന്നു. ഇദ്ദേഹം ഖത്വീബും കവിയുമായിരുന്നു. ഹൃദയസ്പൃക്കായ ശൈലിയിൽ അദ്ദേഹം നബിﷺതിരുമേനിയോടു കരുണ ചെയ്യണമെന്ന് അപേക്ഷിച്ചു. അദ്ദേഹം പറഞ്ഞു: "അല്ലയോ അല്ലാഹുവിന്റെ റസൂലേ, ഈ തടവുകാരിൽ അങ്ങയെ പോറ്റിവളർത്തുകയും ഭക്ഷണം നൽകുകയും ചെയ്ത

അങ്ങയുടെ പിതൃസഹോദരിമാരും മാതൃസഹോദരിമാരും അങ്ങയുടെ സഹോദരിമാരുമുണ്ട്. അദ്ദേഹം ഇങ്ങനെ പറയാൻ കാരണം, നബിﷺതിരുമേനി മുലകുടിപ്രായത്തിൽ വളർന്നതും സംരക്ഷിക്കപ്പെട്ടതും ബനൂസഅ്ദ് ഗോത്രത്തിലായിരുന്നു. ആ ഗോത്രം ബനൂഹവാസിന്റെ ഒരു ശാഖയായിരുന്നു. അവിടത്തെ മുലകുടി ബന്ധത്തിലുള്ള മാതാപിതാക്കൾ ബനൂ സഅ്ദുകാരായിരുന്നു. അദ്ദേഹം തുടർന്നു: 'മുലയൂട്ടലിന്റെ ഈ ഉപകാരം ഞങ്ങൾ ഗസ്സാൻ രാജാവായ ഹാരിഥ് ബിൻ അബീ ശിംറിനോ ഇറാഖിലെ രാജാവായ നുഅ്മാൻ ബിൻ മുൻദിറിനോ ആയിരുന്നു ചെയ്തിരുന്നതെങ്കിൽ, ഞങ്ങൾക്ക് ഇങ്ങനെയൊരു ദുരിതം വന്നാൽ അവർ തീർച്ചയായും ഞങ്ങളോടു കരുണ കാണിക്കുമായിരുന്നു. അങ്ങ് എല്ലാവരെക്കാളുമുപരി കരുണ ചെയ്യുന്നവനും ഔദാര്യവാനുമാണ്.' അതിനുശേഷം അദ്ദേഹം നബിﷺതിരുമേനിയെ പ്രശംസിച്ചുകൊണ്ട് ഒരു കവിതയും ചൊല്ലി. ഈ സംഘത്തിൽ നബിﷺതിരുമേനിയുടെ മുലകുടി ബന്ധത്തിലുള്ള പിതൃവ്യനുമുണ്ടായിരുന്നു. അദ്ദേഹവും സമ്മിശ്ര വികാരങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് സംസാരിച്ചു. അദ്ദേഹം പറഞ്ഞു: 'അങ്ങ് ചെറുപ്പത്തിൽ ഞങ്ങളുടെ കൂടെയുണ്ടായിരുന്നപ്പോഴും ഞാൻ അങ്ങയെ കണ്ടിട്ടുണ്ട്, അങ്ങ് അത്യധികം നല്ലവനായിരുന്നു. പിന്നീട് യുവത്വത്തിലും അങ്ങയെ കാണാനുള്ള ഭാഗ്യം എനിക്കുണ്ടായി. യുവത്വത്തിലും അങ്ങയെക്കാൾ സൽസ്വഭാവിയോ മാന്യനോ ആയ ഒരാളുമുണ്ടായിരുന്നില്ല. അങ്ങ് നന്മയുടെ മൂർത്തിത്വമാണ്. ദാനധർമങ്ങളുടെ സാഗരമാണ്. ഞങ്ങൾ അങ്ങയുടെ സ്വന്തക്കാരും കുടുംബത്തിൽപെട്ടവരുമാണ്. അതിനാൽ ഞങ്ങളോടു ഔദാര്യം കാണിച്ചാലും. അല്ലാഹു അതിന് അങ്ങയ്ക്ക് തക്കതായ പ്രതിഫലം നല്കുന്നതാണ്.

നബിﷺതിരുമേനി അവരുടെ വിലാപങ്ങൾ കേട്ടു. അവരുടെ അഭ്യർഥന തള്ളിക്കളഞ്ഞില്ല. പകരം ഇപ്രകാരം പറഞ്ഞു: 'ഞാൻ നിങ്ങളെ ഒരുപാടുനാൾ കാത്തിരുന്നു. പിന്നീട് നിങ്ങൾ വരില്ലെന്ന് എനിക്കുറപ്പായി. ഇപ്പോൾ നിങ്ങൾ കാണുന്നുണ്ടല്ലോ, തടവുകാരിൽ വളരെ കുറച്ചുപേർ മാത്രമേ എന്റെ പക്കലുള്ളൂ. ബാക്കിയെല്ലാവരെയും വീതിച്ചു കഴിഞ്ഞു. എനിക്കേറ്റവും ഇഷ്ടപ്പെട്ട കാര്യം സത്യസന്ധതയാണ്. (വാഗ്ദാന പാലനമാണ്). അതിനാൽ നിങ്ങൾക്ക് ഈ രണ്ടു കാര്യങ്ങളിലൊന്ന് തിരഞ്ഞെടുക്കാം; ഒന്നുകിൽ തടവുകാരായ സ്ത്രീകളെയും പുരുഷന്മാരെയും, അല്ലെങ്കിൽ സ്വത്തും വസ്തുവകകളും.

ഇതിലേതുവേണമെങ്കിലും നിങ്ങൾക്കെടുക്കാവുന്നതാണ്. ഞാൻ നിങ്ങളെ ഒരുപാട് കാത്തിരുന്നു. ഇവ രണ്ടും തരാനാണ് എനിക്കാഗ്രഹമുണ്ടായിരുന്നത്. ബനൂഹവാസിൻ പ്രതിനിധി സംഘം സാഹചര്യങ്ങളെല്ലാം കണ്ടപ്പോൾ തങ്ങൾക്കാവശ്യം തടവുകാരെ, അതായത് തങ്ങളുടെ സ്ത്രീകളെയും പുരുഷന്മാരെയുമാണെന്ന് അറിയിച്ചു. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'എന്റെയും ബനൂഅബ്ദിൽ മുത്വലിബിന്റെയും വിഹിതത്തിൽ വന്നിട്ടുള്ള തടവുകാർ നിങ്ങളുടേതു തന്നെയാണ്. അതായത് ഞാൻ അവരെ മോചിപ്പിക്കുന്നു. നിങ്ങൾക്ക് മടക്കിത്തരുന്നു. മറ്റുള്ള തടവുകാരുടെ കാര്യത്തിൽ ഞാൻ മറ്റു മുസ്‌ലിമീങ്ങളുമായി സംസാരിക്കാം. കാരണം ഞാൻ അവർക്ക് അവരെ നല്കിക്കഴിഞ്ഞിരിക്കുകയാണ്. അതോടൊപ്പം, അവിടന്ന് പ്രതിനിധി സംഘത്തിന് ഒരു പരിഹാരമാർഗം പറഞ്ഞുകൊടുത്തു: 'നിങ്ങൾ ളുഹ്ർ നമസ്കാരത്തിനുശേഷം ആളുകളുടെ മുമ്പിൽനിന്ന്, ഞങ്ങളുടെ മക്കളെയും സ്ത്രീകളെയും വിട്ടയക്കാൻ മുസ്‌ലിമീങ്ങളോട് അല്ലാഹുവിന്റെ റസൂലിനെﷺശിപാർശകനാക്കാൻ ആവശ്യപ്പെടുന്നുവെന്നും, മുസ്‌ലിമീങ്ങളെ അല്ലാഹുവിന്റെ റസൂലിനോടു ശിപാർശ ചെയ്യുന്നവരാക്കുന്നുവെന്നും പറയണം. അതോടൊപ്പം, നിങ്ങൾ ഇസ്‌ലാം സ്വീകരിച്ച വിവരം മുസ്‌ലിമീങ്ങളുടെ മുന്നിൽ പ്രഖ്യാപിക്കുകയും ഞങ്ങൾ നിങ്ങളുടെ സഹോദരന്മാരാണെന്ന് പറയുകയും വേണം. അപ്പോൾ ഞാൻ ജനങ്ങളോടു നിങ്ങൾക്കുവേണ്ടി ശിപാർശ ചെയ്യുന്നതാണ്. അതായത് ഞാൻ ശിപാർശ ചെയ്യാമെന്ന് നബിﷺതിരുമേനി പറഞ്ഞു.

നബിﷺതിരുമേനിയുടെ ഈ ഔദാര്യത്തിന്റെ മഹനീയമായ രീതി അതിമനോഹരമാണ്. തടവുകാരെ മോചിപ്പിക്കാനുള്ള വഴി അവരെ സ്വയം പഠിപ്പിക്കുകയായിരുന്നു. കാരണം, തടവുകാർ അപ്പോഴേക്കും സാധാരണ മുസ്‌ലിമീങ്ങളുടെ ഉടമസ്ഥതയിലായി കഴിഞ്ഞിരുന്നു. അതുകൊണ്ട് സാധാരണ മുസ്‌ലിമീങ്ങളുടെ ആത്മാഭിമാനം സംരക്ഷിക്കപ്പെടുകയും അതോടൊപ്പം ഹവാസിൻ ഗോത്രത്തിന് ആദരവു ലഭിക്കുകയും ചെയ്യാനായിരുന്നു ഈ വഴി. പ്രതിനിധി സംഘം നബിﷺതിരുമേനി പറഞ്ഞതുപോലെ ളുഹ്ർ നമസ്കാരത്തിനുശേഷം എഴുന്നേറ്റുനിന്ന് പറഞ്ഞു.

ബുഖാരിയുടെ നിവേദനമനുസരിച്ച്, നബിﷺതിരുമേനി എഴുന്നേറ്റുനിന്ന് ആളുകളെ ഇപ്രകാരം സംബോധന ചെയ്തു: 'നിങ്ങളുടെ സഹോദരന്മാർ പശ്ചാത്തപിച്ച് നിങ്ങളുടെ അടുത്തുവന്നിരിക്കുന്നു. ഞാൻ അവരുടെ തടവുകാരെ അവർക്ക് തിരികെ നൽകാനാഗ്രഹിക്കുന്നു. ആരെങ്കിലും സ്വമേധയാ അങ്ങനെ ചെയ്യാനാഗ്രഹിക്കുന്നെങ്കിൽ, അവർക്കങ്ങനെ ചെയ്യാം. അവർക്കുപകരം ഞങ്ങളിൽനിന്ന് വല്ലതും വാങ്ങാനാഗ്രഹിക്കുന്നവർക്ക് അങ്ങനെയും ചെയ്യാം. ഇനി കിട്ടുന്ന ഗനീമത്തു മുതലിൽനിന്ന് ഞാൻ അത്തരക്കാർക്ക് അവകാശപ്പെട്ടതു തിരികെ നല്കുന്നതാണ്. അതോടൊപ്പം, തന്റെയും തന്റെ കുടുംബമായ ബനൂഅബ്ദിൽ മുത്വലിബിന്റെയും ഓഹരിയിൽ വന്ന തടവുകാരെ തിരികെ നല്കുന്നതായും അവിടന്ന് വിളംബരം ചെയ്തു.

നബിﷺതിരുമേനിയെ തങ്ങളെക്കാളും തങ്ങളുടെ ഭാര്യമാരെക്കാളും മക്കളെക്കാളും മാതാപിതാക്കളെക്കാളും സ്നേഹിക്കുന്നവരായിരുന്നു സ്വഹാബാക്കൾ. അവർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അങ്ങയുടെ സന്തോഷത്തിനുവേണ്ടി ഞങ്ങൾ ഞങ്ങളുടെ തടവുകാരെ ഹവാസിന് സസന്തോഷം തിരികെ നല്കുന്നു.' അവരുടെ ഈ വികാരംകണ്ട് നബിﷺതിരുമേനി വളരെ പ്രസന്നനായി. എന്നാൽ, എല്ലാവരുടെയും സമ്മതവും സന്തോഷവും അറിയണമെന്ന് അവിടന്നാഗ്രഹിച്ചു. അതിനാൽ പറഞ്ഞു: 'നിങ്ങളിലാരാണ് അനുവാദം നൽകിയതെന്നും ആരാണ് നൽകാത്തതെന്നും എനിക്ക് വ്യക്തമാകുന്നില്ല. കാരണം പൊതുസദസ്സിൽ എല്ലാവരും സംസാരിക്കുകയായിരുന്നു. അതിനാൽ നിങ്ങൾ ഇപ്പോൾ തിരിച്ചുപോകുക. എന്നിട്ട് നിങ്ങളുടെ നേതാക്കന്മാരും മേൽനോട്ടക്കാരും എന്റെയടുക്കൽവന്ന് നിങ്ങളുടെ ആളുകളുടെ നിലപാട് അറിയിക്കുക. ഈ നിർദ്ദേശത്തെത്തുടർന്ന് എല്ലാവരും സന്തോഷത്തോടെ തങ്ങളുടെ തടവുകാരെ വിട്ടുകൊടുക്കാൻ സമ്മതം പ്രകടിപ്പിച്ചു. അവരുടെ മേൽനോട്ടക്കാർ നബിﷺതിരുമേനിയുടെ അടുത്തുവന്ന് ഇക്കാര്യം അറിയിച്ചു. അങ്ങനെ, ആ ശത്രുജനതയോടു നബിﷺതിരുമേനി വലിയ ഔദാര്യം കാണിച്ചു. ഒരു പ്രതിഫലവും പ്രത്യുപകാരവും സ്വീകരിക്കാതെ മുഴുവൻ തടവുകാരെയും അവർക്കു തിരികെ നല്കി. തന്റെ ആത്മാർഥരും വിശ്വസ്തരും സ്നേഹസമ്പന്നരുമായ സ്വഹാബാക്കളുടെ വികാരത്തെയും അവിടന്ന് മാനിച്ചു. നബിﷺതിരുമേനി പറഞ്ഞു: 'ഓരോ തടവുകാരനും പകരം ആറ് ഒട്ടകം നല്കപ്പെടും.' നബിﷺതിരുമേനിയോടു ഹദ്റത്ത് ഉമറിനുള്ള സ്നേഹത്തിന്റെയും അനുസരണത്തിന്റെയും ഒരു മാതൃക സമർപ്പിക്കാം. തടവുകാരെ മോചിപ്പിക്കുന്ന സമയത്ത് അദ്ദേഹം അവിടെ ഉണ്ടായിരുന്നില്ല. തിരിച്ചെത്തിയപ്പോൾ, അടിമകൾ സന്തോഷാധിക്യത്താൽ തുള്ളിച്ചാടുന്നുണ്ടായിരുന്നു. നബിﷺതിരുമേനി മുഴുവൻ തടവുകാരെയും മോചിപ്പിച്ചുവെന്ന് അറിഞ്ഞപ്പോൾ, കൂടുതൽ അന്വേഷണത്തിനോ പരിശോധനയ്ക്കോ അദ്ദേഹം മുതിർന്നില്ല. ഉടൻതന്നെ തന്റെ മകനോടു പറഞ്ഞു: 'യാ അബ്ദുല്ലാഹ്! നീ പോയി നബിﷺതിരുമേനി എനിക്കു നല്കിയ അടിമ സ്ത്രീയെ മോചിപ്പിക്കുക.'

നബിﷺതിരുമേനി ബനൂ ഹവാസിൻ തടവുകാരെ ഒരുവിധ പ്രതിഫലവും വാങ്ങാതെ മോചിപ്പിച്ചതുകൂടാതെ അവർക്ക് പുതുവസ്ത്രങ്ങളും നല്കി. അവിടന്ന് പറഞ്ഞു: ***ഫലാ യഖ്റുജുൽഹുർറു മിൻഹും ഇല്ലാ കാസിയൻ*** അവരിൽ മോചിതനാകുന്ന ഒരാളും പുതിയ വസ്ത്രമില്ലാതെ പുറത്തു പോകുമാറാകരുത്. ഈ കൽപ്പന നിറവേറ്റാൻ പുതിയ വസ്ത്രങ്ങൾ വാങ്ങാനായി ബുസ്ർ ബിൻ സുഫിയാൻ സ്വഹാബിയെ അയച്ചു. അദ്ദേഹം പുതിയ പുതപ്പുകൾ കൊണ്ടുവന്നു. എല്ലാ തടവുകാർക്കും പുതിയ വസ്ത്രവും നല്കപ്പെട്ടു. അത്യാഗ്രഹം കൊണ്ട് അയാൾക്ക് അവസാനം ഒന്നുംതന്നെ കിട്ടിയില്ല.*(സ്വഹീഹ് ബുഖാരി, കിതാബുൽയിത്ഖ്, ഹദീഥ് 2539–2540) (എടുത്തത് സീറത്തുന്നബിﷺലി ഇബ്നി ഹിശാം പേജ് 130, ദാറുൽകുതുബുൽ ഇൽമിയ്യ 2001)(ദാഇരയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാല്യം 9, പേജ് 309–314, ബസം ഇഖ്ബാൽ ലാഹോർ) (ഗസ്വ ഹുനയ്ൻ, ബാ ശമീൽ പേജ് 266, നഫീസ് അക്കാഡമി)*

നിവേദനമനുസരിച്ച് മൂന്നുപേർ തങ്ങളുടെ തടവുകാരെ തിരികെ നല്കാൻ വിസമ്മതിച്ചു. അഖ്റഅ് ബിൻ ഹാബിസ് പറഞ്ഞു: 'എന്റേയും ബനൂതമീമിന്റേയും

ബന്ധം ഞങ്ങൾ നിഷേധിക്കുകയാണ്. ഉയയ്നഹ് ബിൻ ഹിസ്ൻ ഫസാരി പറഞ്ഞു: ഞാനും എന്റെ ഗോത്രമായ ബനൂഫസാറയും നിഷേധിക്കുന്നു. അബ്ബാസ് ബിൻ മിർദാസ് പറഞ്ഞു: ഞാനും ബനൂ സുലയ്മും തടവുകാരെ തിരികെ നല്കില്ല. പക്ഷേ, അതുകേട്ടതും ബനൂ സുലയിം ഗോത്രക്കാർ തങ്ങളുടെ നേതാവിന്റെ വാക്ക് കേൾക്കാൻ വിസമ്മതിക്കുകയും തങ്ങളുടെ ഉടമസ്ഥതയിലുള്ളതെല്ലാം തങ്ങൾ നബിﷺതിരുമേനിക്ക് നല്കിക്കഴിഞ്ഞു എന്ന് പറയുകയും ചെയ്തു.

മറ്റു ചില നിവേദനങ്ങളനുസരിച്ച് നബിﷺതിരുമേനി പറഞ്ഞു: 'ബനൂ ഹവാസിനിലെ മുഴുവൻ തടവുകാരും സ്വതന്ത്രരാണ്. സ്വന്തം തടവുകാരെ വിട്ടുകൊടുക്കാൻ മനസ്സില്ലാത്തവർക്ക് അതിന് പകരം ബയ്ത്തുൽ മാലിൽനിന്ന് ആറ് യുവഒട്ടകം നഷ്ടപരിഹാരമായി നല്കുന്നതായിരിക്കും. ഇതുകേട്ടപ്പോൾ തടവുകാരെ വിട്ടുകൊടുക്കാൻ തയ്യാറാകാത്തവരും അതിന് സമ്മതിച്ചു. അങ്ങനെ ബനൂ ഹവാസിനിലെ ആറായിരം തടവുകാരും മോചിപ്പിക്കപ്പെട്ടു.

ചില നിവേദനങ്ങളനുസരിച്ച്, ഉയയ്ന ബിൻ ഹിസ്ൻ ഫസാരി അപ്പോഴും തന്റെ തടവുകാരനെ വിട്ടുകൊടുത്തില്ല. എന്നാൽ, ഈ അനുസരണക്കേടുകാരണം അയാൾക്ക് വലിയ നാണക്കേടുണ്ടായി. മാത്രമല്ല നന്മയിൽനിന്നും അനുഗ്രഹത്തിൽനിന്നും അയാൾ ഹതഭാഗ്യനാകുകയും ചെയ്തു.

എഴുതിയിരിക്കുന്നു, ഉയയ്ന ഒഴികെ എല്ലാവരും തങ്ങളുടെ തടവുകാരെ വിട്ടുകൊടുത്തുവെന്ന് നബിﷺതിരുമേനിയെ അറിയിച്ചപ്പോൾ, അവിടന്ന് പറഞ്ഞു: 'അല്ലാഹു അവനെ നഷ്ടത്തിലാക്കട്ടെ.' ഉയയ്നയുടെ തടവുകാരിയുടെ സംഭവം ഇപ്രകാരമാണ്: 'അയാൾ ഒരു യുവതിക്കുപകരം വയസ്സായ ഒരു സ്ത്രീയെയാണ് തടവുകാരിയായി സ്വീകരിച്ചത്. ആളുകൾ ചോദിച്ചപ്പോൾ അയാൾ പറഞ്ഞു, 'ഈ വൃദ്ധയെ മോചിപ്പിക്കാൻ അവളുടെ കുടുംബക്കാർ വരുമ്പോൾ, അവളുടെ കുടുംബാംഗങ്ങളും മക്കളും കൂടുതലായി ഉള്ളതുകൊണ്ട് ഞാൻ ചോദിക്കുന്ന മോചനദ്രവ്യം എനിക്ക് ലഭിക്കും.' എല്ലാവരും മോചിപ്പിക്കപ്പെടുകയും, ഇയാൾ മാത്രം വിട്ടുകൊടുക്കാൻ വിസമ്മതം പ്രകടിപ്പിക്കുകയും ചെയ്തപ്പോൾ, ആ വൃദ്ധയുടെ മകൻ ഉയയ്നയുടെ അടുത്തു വന്നു. അയാൾ പറഞ്ഞു: 'നൂറ് ഒട്ടകത്തിനു പകരം എന്റെ മാതാവിനെ മോചിപ്പിക്കുക.' ഉയയ്ന, തുക വീണ്ടും വർധിപ്പിക്കാമെന്ന് കരുതി, മോചിപ്പിക്കാൻ വിസമ്മതിച്ചു. അതിൽ നിരാശനായ മകൻ തിരിച്ചുപോയി. കുറച്ചു കഴിഞ്ഞപ്പോൾ, അയാൾ ഇനി തിരിച്ചു വരില്ലെന്ന് ഉയയ്നയ്ക്ക് മനസ്സിലായി. അപ്പോൾ ഉയയ്ന സ്വയം മകന്റെ അടുക്കൽച്ചെന്നു. എന്നിട്ട്, നീ നല്കാൻ തയ്യാറായ ഒട്ടകങ്ങളെല്ലാം ഇപ്പോഴും തരുമോ? എന്ന് ചോദിച്ചു. അപ്പോൾ ആ യുവാവ് പറഞ്ഞു: ഇനി ഞാൻ അമ്പതു ഒട്ടകം മാത്രമേ തരികയുള്ളൂ. അങ്ങനെ വിലപേശൽ തുടർന്നു. അവസാനം അത് പത്ത് ഒട്ടകത്തിലെത്തി. ഉയയ്ന കൂടുതൽ ചോദിക്കുമ്പോഴെല്ലാം യുവാവ് വില കുറച്ചുകൊണ്ടിരുന്നു. അവസാനം, ഉയയ്ന പറഞ്ഞു: ഈ വൃദ്ധയെ സൗജന്യമായി കൊണ്ടുപൊയ്ക്കൊള്ളുക! അപ്പോൾ ആ യുവാവ് പറഞ്ഞു: നബിﷺതിരുമേനി ഓരോ തടവുകാരനേയും മോചിപ്പിച്ച സമയത്ത് പുതിയ വസ്ത്രവും നല്കിയിട്ടുണ്ട്. ഈ വൃദ്ധയ്ക്ക് അത് നഷ്ടമായി. അതിനാൽ താങ്കൾ അവർക്ക് വസ്ത്രം നല്കണം. ഉയയ്ന പറഞ്ഞു: എന്റെ പക്കലൊന്നുമില്ല. ഞാൻ അല്ലെങ്കിൽത്തന്നെ പരമ ദരിദ്രനാണ്. അത്യാഗ്രഹം കാണിച്ചതിനാൽ എനിക്ക് നഷ്ടം സംഭവിച്ചു. പക്ഷേ, യുവാവ് എന്തെങ്കിലും നല്കിയേ തീരൂ എന്ന് നിർബന്ധം പിടിച്ചു. അവസാനം, ഉയയ്നക്ക് തന്റെ ചാദർ അഥവാ പുതപ്പ് നല്കേണ്ടിവന്നു. അങ്ങനെ, ആ യുവാവ് തടവുകാരിയായ സ്ത്രീയും വസ്ത്രവുമായി പോകുമ്പോൾ ഉയ്യനയോടു പറഞ്ഞു: 'താങ്കളുടെ മസ്തിഷ്കവും തലച്ചോറും ബുദ്ധിയുമെല്ലാം തികച്ചും കാലിയാണ്. അവസരം മുതലെടുക്കാൻ താങ്കൾക്കൊട്ടും കഴിവില്ല.' അയാളുടെ കൂട്ടുകാരും അയാളെ കളിയാക്കിക്കൊണ്ടിരുന്നു.*(സുബുലുൽഹുദാ വാള്യ 5, പേജ് 393-394, ദാറുൽകുതുബുൽഇൽമിയ്യ 1993)(ഗസ്‌വത്തു ഹുനയ്ൻ, ബാശമീൽ, പേജ് 295-297,നഫീസ് അക്കാഡമി)(ദാഇറയെ മആരിഫ് സീറത്തു മുഹമ്മദു റസൂലുല്ലാഹ്ﷺ, വാള്യം 9, പേജ് 314-315, ബസം ഇഖ്ബാൽ ലാഹോർ)(ഗസ്‌വാത്തുന്നബിﷺ, അലി ബിൻ ബുർഹാനുദ്ദീൻ ഹൽബി, മുത്തർജിം ഉർദുപേജ് 680-681, ദാറുൽ ഇശാഅത്ത് 2001)*

അങ്ങനെ, അത്യാഗ്രഹംകൊണ്ട് അവസാനം അയാൾക്കൊന്നും തന്നെ ലഭിച്ചില്ല.

ബനൂ ഹവാസിന്റെ നേതാവിന്റെയും മാലിക് ബിൻ ഔഫിന്റെയും ഇസ്‌ലാം സ്വീകരണത്തെക്കുറിച്ച് ഇപ്രകാരം രേഖപ്പെട്ടിരിക്കുന്നു: നബിﷺതിരുമേനി ബനൂ ഹവാസിൻ പ്രതിനിധി സംഘത്തോട് അവരുടെ നേതാവായ മാലിക് ബിൻ ഔഫിനെക്കുറിച്ച്, അവനെവിടെയാണെന്ന് ആരാഞ്ഞു. അവൻ ത്വാഇഫിൽ ബനൂ ഥഖീഫിന്റെ കൂടെയാണെന്ന് അവർ പറഞ്ഞു. അപ്പോൾ, അവിടന്ന് അവനെ ഇപ്രകാരം അറിയിക്കാൻ ആവശ്യപ്പെട്ടു: 'അവൻ എന്റെ അനുസരണവും വിധേയത്വവും സ്വീകരിച്ച് എന്റെയടുക്കൽ വന്നാൽ, തടവിലായ അവന്റെ കുടുംബാംഗങ്ങളെ അവന് തിരികെ നല്കുന്നതായിരിക്കും.' ചില നിവേദനങ്ങൾ പ്രകാരം, അവന്റെ കുടുംബാംഗങ്ങളെ അടിമകളായി മറ്റാർക്കും നല്കരുതെന്ന് അവിടന്ന് പ്രത്യേകം നിർദേശം നല്കിയിരുന്നു. മക്കയിൽ ഉമ്മി അബ്ദുല്ലാഹ് ബിൻത് അബീ ഉമയ്യയുടെ വീട്ടിൽ അവർക്ക് താമസസൗകര്യം ഒരുക്കിയിരുന്നു. അവർ ഉടൻതന്നെ അദ്ദേഹത്തെ വിവരം അറിയിച്ചു. അദ്ദേഹം നബിﷺതിരുമേനിയുടെ അടുത്തു വരാൻ പെട്ടെന്ന് സന്നദ്ധനായി. എന്നാൽ, താൻ മുഹമ്മദിﷺന്റെ അടുത്ത് പോകുകയാണെന്ന് അറിഞ്ഞാൽ ബനൂ ഥഖീഫ് തന്നെ തടവിലാക്കുമെന്ന് ഭയപ്പെട്ടു. അദ്ദേഹം ഒരു കുതിരയെയും ഒട്ടകത്തെയും തയ്യാറാക്കി. രാത്രിയുടെ മറവിൽ ത്വാഇഫിൽ നിന്ന് പുറപ്പെട്ട് ജിഅ്റാനയിൽ നബിﷺതിരുമേനിയുടെ അടുത്ത് ഹാജരായി. നബിﷺതിരുമേനി അദ്ദേഹത്തിന് കുടുംബാംഗങ്ങളെ തിരികെ നല്കിയെന്നു മാത്രമല്ല നൂറ് ഒട്ടകം സമ്മാനമായി നല്കുകയും ചെയ്തു. നബിﷺതിരുമേനിയുടെ ഔദാര്യവും ദാനശീലവും കണ്ടപ്പോൾ അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചു. അതിനുശേഷം അദ്ദേഹം ആജീവനാന്തം ഒരു ആത്മാർഥ മുസ്‌ലിമായി ജീവിച്ചു. പിന്നീട് നബിﷺതിരുമേനി അദ്ദേഹത്തെ ഹവാസിൻ ഗോത്രത്തിലെ മുസ്‌ലിമീങ്ങളുടെ ഭരണാധികാരിയായും സൈന്യത്തിന്റെ സേനാധിപനായും നിയമിച്ചു.*(ഗസ്‌വത്തു ഹുനയ്ൻ, ബാശമീൽ, പേജ് 299-300,നഫീസ് അക്കാഡമി)(അസ്സീറത്തുന്നബ്വിയ്യ, ലി ഇബ്നു ഹിശാം, പേജ് 797 അംറ അംവാലു ഹവാസിൻ വ സബായാഹാ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)*

ഇതേ മാലിക് ബിൻ ഔഫ് തന്നെയാണ് ബനൂ ഹവാസിനെയും ഥഖീഫിനെയും മറ്റു ഗോത്രങ്ങളെയും സംഘടിപ്പിച്ച് മുസ്‌ലിമീങ്ങളെ നശിപ്പിക്കാൻ വന്നത്. അയാൾ നബിﷺതിരുമേനിയുടെ രക്തത്തിനുവേണ്ടി ദാഹിച്ചിരുന്നു. പക്ഷേ, നബിﷺതിരുമേനിയുടെ മാതൃകയുടേയും ക്ഷമാഗുണത്തിന്റേയും മാപ്പിന്റേയും ശ്രേഷ്ഠത എന്തായിരുന്നുവെന്നാൽ അവിടന്ന് അവരുടെ സന്മാർഗത്തിന്റേയും വഴികാട്ടലിന്റേയും ദാഹിയായിരുന്നു. അദ്ദേഹം സന്മാർഗം തേടി വന്നപ്പോൾ, എല്ലാം മാപ്പാക്കുക മാത്രമല്ല അക്കാലത്തെ ഏറ്റവും വിലപിടിപ്പുള്ള സമ്പത്തെന്ന് കണക്കാക്കിയിരുന്ന നൂറ് ഒട്ടകം നല്കുകയും ചെയ്തു.

ഈ യുദ്ധത്തിലെ തടവുകാരിൽ ശയ്മ എന്നൊരു സ്ത്രീയുമുണ്ടായിരുന്നു. അത് അവരുടെ വിളിപ്പേരായിരുന്നു. യഥാർഥ നാമം ഹുദാഫ എന്നായിരുന്നു. അവർ തടവിലായപ്പോൾ തങ്ങളെ പിടികൂടിയവരോടു പറഞ്ഞു: 'ഞാൻ നിങ്ങളുടെ നബി, മുഹമ്മദിന്റെﷺമുലകുടി ബന്ധത്തിലെ സഹോദരിയാണ്.' എന്നാൽ, സ്വഹാബാക്കൾ അത് വിശ്വസിച്ചില്ല. അൻസ്വാറിന്റെ ഒരു സംഘം അവരെ പിടികൂടി നബിﷺതിരുമേനിയുടെ അടുക്കൽ കൊണ്ടുവന്നു. അവർ പറഞ്ഞു: 'മുഹമ്മദേﷺ, ഞാൻ അങ്ങയുടെ മുലകുടി ബന്ധത്തിലെ സഹോദരിയാണ്.' നബിﷺതിരുമേനി തെളിവ് ചോദിച്ചപ്പോൾ, അവർ പല്ലിന്റെ പാട് കാണിച്ചുകൊടുത്തു. എന്നിട്ട് പറഞ്ഞു: 'ഞാൻ അങ്ങയെ എന്റെ മടിയിലെടുത്തിരുന്ന കാലത്ത്, ചെറുപ്പത്തിൽ അങ്ങെന്നെ കടിച്ചിരുന്നു.' പിന്നീട് നബിﷺതിരുമേനിക്ക് ആ സംഭവം ഓർമ വന്നിട്ടുണ്ടാകും. അവർ തുടർന്നു: 'അക്കാലത്ത് ഞങ്ങൾ ആടുകളെ മേയ്ച്ചിരുന്നു. അങ്ങയുടെ മുലകുടി ബന്ധത്തിലെ പിതാവ് എന്റെ സ്വന്തം പിതാവും, അങ്ങയുടെ മുലകുടി ബന്ധത്തിലെ മാതാവ് എന്റെ സ്വന്തം മാതാവുമാണ്. അല്ലാഹുവിന്റെ റസൂലേ, ഞാൻ അങ്ങയ്ക്ക് വേണ്ടി ആടുകളുടെ പാൽ കറന്നെടുത്തിരുന്നത് ഓർത്താലും.'

അടയാളം കേട്ട നബിﷺതിരുമേനി അവരെ തിരിച്ചറിഞ്ഞു. നബിﷺതിരുമേനി എഴുന്നേറ്റ് അവർക്ക് വേണ്ടി സ്വന്തം മേലങ്കി വിരിച്ചുകൊടുത്തു. അതിൽ ഇരിക്കാൻ പറഞ്ഞു. അവിടന്ന് അവരെ സ്വാഗതം ചെയ്യുകയും അവിടത്തെ നയനങ്ങൾ ഈറനണിയുകയും ചെയ്തു. മുലകുടി ബന്ധത്തിലെ മാതാപിതാക്കളെക്കുറിച്ച് ചോദിച്ചു. അവർ മരണ

പ്പെട്ടുവെന്ന് അവർ അറിയിച്ചു. നബിﷺതിരുമേനി തന്റെ മുലകുടിബന്ധത്തിലുള്ള സഹോദരിയോടു പറഞ്ഞു: 'നിങ്ങൾക്ക് നല്ലതെന്ന് തോന്നുന്നെങ്കിൽ ഞങ്ങളുടെ കൂടെ താമസിക്കാം. നിങ്ങൾക്ക് ആദരവും സ്നേഹവും ലഭിക്കും. ഇനി, സ്വന്തം ഗോത്രത്തിന്റെ അടുത്ത് തിരിച്ചു പോകാനാണ് ആഗ്രഹിക്കുന്നതെങ്കിൽ, ബന്ധുക്കളോടുള്ള നന്മയെന്നോണം ഞാൻ നിങ്ങളെ തിരിച്ചയക്കാം.' അവർ പറഞ്ഞു: 'എനിക്ക് എന്റെ ഗോത്രത്തിൽ തിരിച്ചു പോകാനാണാഗ്രഹം.' ഏതായാലും അവർ ഇസ്‌ലാം സ്വീകരിച്ചു. നബിﷺതിരുമേനി അവർക്ക് മൂന്ന് അടിമയേയും ഒരു അടിമസ്ത്രീയെയും നല്കി. കൂടാതെ, ഒന്നോ രണ്ടോ ഒട്ടകം നല്കാൻ ഉത്തരവിടുകയും ചെയ്തു. അവിടന്ന് അപ്പോൾ ഹുനയ്നിലായിരുന്നു. അതിനാൽ അവരോടു പറഞ്ഞു: 'നിങ്ങൾ ജിഅ്റാനയിലേക്ക് പോകുക, എന്നിട്ട് നിങ്ങളുടെ ഗോത്രത്തോടൊപ്പം താമസിക്കുക. ഞാൻ ത്വാഇഫിലേക്ക് പോകുകയാണ്.' അങ്ങനെ അവർ ജിഅ്റാനയിലെത്തി. നബിﷺതിരുമേനി ജിഅ്റാനയിൽവച്ച് അവരെ കണ്ടുമുട്ടുകയും അവർക്ക് ആടുകളെയും ചെമ്മരിയാടുകളെയും നല്കുകയും ചെയ്തു. ഒരു റിപ്പോർട്ട് അനുസരിച്ച് നബിﷺതിരുമേനി അവരോട് നിങ്ങളെന്തു ചോദിച്ചാലും നല്കും, നിങ്ങൾ ആർക്കുവേണ്ടി ശിപാർശ ചെയ്താലും അത് സ്വീകരിക്കുമെന്ന് പറഞ്ഞു. അപ്പോൾ അവർ തങ്ങളുടെ ഗോത്രമായ ബനൂ സഅ്ദിലെ ബജാദ് എന്ന് പേരുള്ള ഒരാൾക്കുവേണ്ടി ശിപാർശ ചെയ്തു. ആ വ്യക്തി ഒരു മുസ്‌ലിമിനെ കൊലപ്പെടുത്തികത്തിച്ചതിനുശേഷം ഓടിപ്പോയവനായിരുന്നെങ്കിലും സ്വഹാബാക്കൾ അയാളെ പിടികൂടിയിരുന്നു. ശയ്മ അയാൾക്ക് മാപ്പ് നല്കാൻ ശിപാർശ ചെയ്തപ്പോൾ നബിﷺതിരുമേനി അയാൾക്ക് മാപ്പ് നല്കി. *(ഗസ് വ ഹുനയ്ൻ പേജ് 389-390, നഫീസ് അക്കാഡമി) (സുബുലുൽഹുദാ വർറശാദ് ഫീ സീറത്തി ഖയ്‌റിൽ ഇബാദ് വാള്യം 5, പേജ് 333, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്‌റൂത്ത് 1993)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാള്യം 9, പേജ് 318-319, ബസം ഇഖ്ബാൽ ലാഹോർ)*

ഇതിന്റെ കൂടുതൽ വിശദീകരണമില്ല. പക്ഷേ, പിന്നീട് അവിടന്ന്ﷺതീർച്ചയായും ദിയത്ത് അഥവാ ദിയാധനം തുടങ്ങിയവയും നല്കിയിരിക്കാം.

അബൂദാവൂദിന്റെ റിപ്പോർട്ട് പ്രകാരം, ജിഅ്റാനയിൽവച്ച് നബിﷺതിരുമേനിയുടെ മുലകുടിബന്ധത്തിലെ മാതാവും അങ്ങയെ കണ്ടുമുട്ടിയതായി വിവരിക്കുന്നുണ്ട്. എന്നാൽ, ഈ റിപ്പോർട്ട് ദുർബലമാണെന്ന് പറയപ്പെടുന്നു. മാതാവിനെ കണ്ടിട്ടില്ലായിരിക്കാം. ഒരുപക്ഷേ, മുലകുടി ബന്ധത്തിലെ മാതാവിനെ കണ്ടുമുട്ടിയത് മറ്റേതെങ്കിലും സമയത്തായിരിക്കും. അല്ലെങ്കിൽ നിവേദകന് തെറ്റുപറ്റിയതാകും. കാരണം, പെരാതുവായ റിപ്പോർട്ടുകൾ പ്രകാരം ഹുനയ്ൻ യുദ്ധത്തിന് മുമ്പേ തന്നെ നബിﷺതിരുമേനിയുടെ മുലകുടി ബന്ധത്തിലെ മാതാവ് മരണപ്പെട്ടു കഴിഞ്ഞിരുന്നു. *(ഗസ് വത്തു ഹുനയ്ൻ, ബാശമീൽ, പേജ് 289,നഫീസ് അക്കാഡമി) (സുനൻ അബീദാവൂദ് കിതാബുൽ അദബ് ഹദീഥ് 5144)(സീറത്ത് ഇബ്നു കഥീർ വാള്യം 3, പേജ് 690, ദാറുൽമഅ്രിഫ ബെയ്‌റത്ത് ലബ്നാൻ 1976)(ഫത്ഹുൽവദൂദ് വാള്യം 7, പേജ് 410 മക്തബ ജാഇസ ദുബയിദ്ദൗലിയത്തി ലിൽ ഖുർആനിൽകരീം)*

നബിﷺതിരുമേനി മക്കയിൽനിന്ന് മദീനയിൽ ഹിജ്റ പോയപ്പോൾ, 'മുഹമ്മദിനെ ജീവനോടെയോ അല്ലാതെയോ പിടിച്ചുകൊണ്ടുവരുന്നവർക്ക് നൂറ് ഒട്ടകം സമ്മാനം നല്കുന്നതാണെന്ന് മക്കക്കാർ പ്രഖ്യാപിച്ചിരുന്നു. ഈ സംഭവം വളരെ പ്രസിദ്ധമാണ്. പലതവണ വിവരിച്ചിട്ടുള്ളതുമാണ്. ഇതുകേട്ട് സുറാഖ ബിൻ മാലിക് നബിﷺതിരുമേനിയെ പിന്തുടർന്ന് അങ്ങയുടെ അടുത്തെത്തി. എന്നാൽ, അന്ന് അത്ഭുതകരമായി അല്ലാഹു നബിﷺതിരുമേനിക്ക് സംരക്ഷണമേകുകയും സുറാഖയെ നിസ്സഹായനാക്കുകയും ചെയ്തു. അന്ന് നബിﷺതിരുമേനി അദ്ദേഹത്തോടു പറഞ്ഞു: 'സുറാഖാ, കിസ്റായുടെ വളകൾ നിന്റെ കൈകളിൽ വരുമ്പോൾ നിന്റെ അവസ്ഥ എന്തായിരിക്കും?' അന്ന് സുറാഖ നബിﷺതിരുമേനിയോടു രേഖാമൂലം അഭയം നല്കാൻ അപേക്ഷിച്ചിരുന്നു. അതേ സുറാഖ ആ അഭയപത്രവുമായി ജിഅ്റാനയിൽ വന്ന് ഇസ്‌ലാം സ്വീകരിച്ചു. *(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാള്യം 9, പേജ് 306-307, ബസം ഇഖ്ബാൽ ലാഹോർ)*

ഈ അവസരത്തിൽ ഹദ്റത്ത് ഉമർ‍ؓന്റെ ഒരു നേർച്ചയെക്കുറിച്ചുള്ള വിവരവും ലഭിക്കുന്നുണ്ട്. ഹദ്റത്ത് ഉമർؓ, നബിﷺതിരുമേനിയോടു അപേക്ഷിച്ചു: 'അല്ലാഹുവിന്റെ റസൂലേ! അജ്ഞാനകാലഘട്ടത്തിൽ ഞാനൊരു നേർച്ച നേർന്നിരുന്നു. മസ്ജിദുൽ ഹറാമിൽ ഒരു ദിവസം ഇഅ്തികാഫ് അതായത് ഭജനമിരിക്കാമെന്ന്. അങ്ങയുടെ നിർദേശം എന്താണ്? നബിﷺതിരുമേനി പറഞ്ഞു: 'താങ്കൾ പോയി ആ നേർച്ച പൂർത്തിയാക്കുക.' അതനുസരിച്ച് ഹദ്റത്ത് ഉമർؓപോകുകയും തന്റെ നേർച്ച പൂർത്തിയാക്കുകയും ചെയ്തു. *(സ്വഹീഹ് ബുഖാരി, കിതാബുൽ ഇഅ്തിക്കാഫ് ഹദീഥ് 2042)(ഫതഹുൽ ബാരി, കിതാബുൽ മഗാസി വാള്യം 8, പേജ് 43, ഖദീമീ കുതുബു ഖാന)*

നബിﷺതിരുമേനി ജിഅ്റാനയിൽ ഉണ്ടായിരിക്കുമ്പോൾ, ഒരു രാത്രി അവിടന്ന് ഉംറ ചെയ്യാൻ മക്കയിൽ പോകുകയും അതേ രാത്രിതന്നെ തിരിച്ചുവരുകയും ചെയ്തു. ആളുകൾ കരുതിയത് അവിടന്ന് എങ്ങും പോയിട്ടില്ലെന്നായിരുന്നു. വളരെ കുറഞ്ഞ സമയത്തേക്ക് മാത്രം പോയതായിരുന്നു. *(ഗസ്‌വാത്തുന്നബിﷺ, ഇമാം ഹൽബി മുത്തർജിം ഉർദു പേജ് 683, ദാറുൽ ഇശാഅത്ത് 2001)(ഉംദത്തുൽഖാരി കിതാബ് അൽഹജ്ജ് വാള്യം 9, പേജ് 301, ദാറു അഹ്‌യാഉത്തുറാഥ് 2003) (ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാള്യം 9, പേജ് 376, ബസം ഇഖ്ബാൽ ലാഹോർ)*

നബിﷺതിരുമേനി മദീനയിൽ മടങ്ങിപ്പോയതിനെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ദുൽഖഅ്ദ മാസത്തിൽ പന്ത്രണ്ട് ദിവസം ബാക്കിയുള്ളപ്പോൾ ഒരു വ്യാഴാഴ്ച ദിവസമാണ് അവിടന്ന് മദീനയിലേക്കുള്ള യാത്ര ആരംഭിച്ചത്. അതിനുമുമ്പേ, നബിﷺതിരുമേനി ഹദ്റത്ത് അത്താബ് ബിൻ അസീദിനെ മക്കയുടെ ഭരണാധികാരിയായി നിയമിച്ചിരുന്നു. ഹദ്റത്ത് മുആദ് ബിൻ ജബലിനെയും ഹദ്റത്ത് അബൂമൂസാ അൽഅശ്അരിയെയും ഖുർആനും ദീനും ആളുകളെ പഠിപ്പിക്കാൻ നിശ്ചയിച്ചിരുന്നു. യാത്രയ്ക്കിടെ കണ്ടുമുട്ടുന്നവർക്ക് നല്കാനായി ചില സവാരി മൃഗങ്ങളെയും അവിടന്ന് കൂടെ കൊണ്ടുപോയിരുന്നു. അവിടന്ന് ജിഅ്റാന താഴ്‌വരയിൽനിന്ന് പുറപ്പെട്ട് സരിഫ് വഴി മർറുള്ളഹ്റാൻ വഴി ഒമ്പതു ദിവസത്തെ യാത്രയ്ക്കുശേഷം മദീനയിലെത്തി. ദുൽഖഅ്ദ മാസത്തിൽ മൂന്നുരാത്രികൾ ബാക്കിയുള്ളപ്പോഴാണ് അവിടന്നെത്തിയത്. ഈ സൈനിക നീക്കങ്ങൾക്കും, മക്കാവിജയത്തിനും, ഹവാസിൻ വിജയത്തിനും, ത്വാഇഫിലെ ആക്രമണങ്ങൾക്കുമായി മൊത്തം രണ്ട് മാസവും പതിനാറ് ദിവസവുമാണെടുത്തത്. *(സുബുലുൽഹുദാ ഫീ സീറത്തി ഖയ്‌റുൽ ഇബാദ് വാള്യം 5, പേജ് 406-407, ദാറുൽ കുതുബുൽഇൽമിയ്യ 1993)(ഗസ് വ ഹുനയ്ൻ, ബാശമീൽ, പേഡ് 306-307, നഫീസ് അക്കാഡമി)*

പൗരസ്ത്യ പണ്ഡിതന്മാർ മക്കാവിജയം, ഹുനയ്ൻ യുദ്ധം, ത്വാഇഫ്‌യുദ്ധം എന്നിവയെക്കുറിച്ച് ആക്ഷേപങ്ങളുന്നയിച്ചിട്ടുണ്ട്. യഥാർഥത്തിൽ, അവർക്ക് ആക്ഷേപാർഹമായ ഒരു സംഗതിയും ലഭിച്ചില്ല. എങ്കിലും അവരുടെ ഒന്നോ രണ്ടോ ആക്ഷേപങ്ങൾ ഞാൻ ഇവിടെ വിവരിക്കാം:

സമകാലീന പൗരസ്ത്യ പണ്ഡിതനായ വില്യം മുണ്ടംഗുംറി വാട്ട് പറയുന്നു: അതിന്റെ പരിഭാഷ ഇതാണ്: 'ആദ്യകാല സ്വഹാ

**• ഹദീഥുന്നബ്‌വിﷺ •**

'പ്രായപൂർത്തിയായ ഓരോരുത്തരും വെള്ളിയാഴ്ച കുളിക്കേണ്ടത് നിർബന്ധമാകുന്നു. അവൻ ദന്തധാവിനി ഉപയോഗിക്കേണ്ടതും കഴിയുമെങ്കിൽ സുഗന്ധദ്രവ്യം ഉപയോഗിക്കേണ്ടതുമാകുന്നു.'(ബു. 11:3)

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM.

**• ഹദീഥുന്നബ്‌വിﷺ •**

"കപടവിശ്വാസികളുടെ ലക്ഷണം മൂന്നാകുന്നു: അവൻ പറയുമ്പോൾ കള്ളം പറയുന്നു. അവനൊരു വാഗ്ദാനം ചെയ്താൽ അത് ലംഘിക്കുന്നു. അവനെ അമാനത്തുമുതൽ ഏല്പിച്ചാൽ വിശ്വാസവഞ്ചന കാണിക്കുന്നു.' (ബു. 2:23)

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

ബാക്കൾക്ക് നല്കിയ ഏതാനും സ്ത്രീകളൊഴികെ, ബാക്കിയുള്ള കൊള്ളമുതലും തടവുകാരും മസ്ഊദ് ബിൻ അംറ് ഗിഫാരിയുടെ മേൽനോട്ടത്തിൽ ജിഅ്റാനയിൽ വെക്കപ്പെട്ടു. (Muhamad at Madina by W.Montgomery Walt page 73, Chapter The Battle of Hunayn, The Consolidation of Victory Oxford University Press Karachi 2006)

അതുപോലെ, സർ വില്യം മ്യൂർ എഴുതുന്നു: 'മുഹമ്മദിﷺന്റെ അടുക്കൽ കൊണ്ടുവന്ന തടവുകാരിലെ മൂന്ന് സുന്ദരികളായ സ്ത്രീകളെ അവിടന്ന് ഹദ്റത്ത് അലി رضي الله عنه, ഹദ്റത്ത് ഉഥ്മാൻ رضي الله عنه, ഹദ്റത്ത് ഉമർرضي الله عنهഎന്നിവർക്കു നല്കി. ഹദ്റത്ത് ഉമർرضي الله عنهതന്റെ ഓഹരിയിലെ സ്ത്രീയെ തന്റെ മകൻ ഹദ്റത്ത് അബ്ദുല്ലാക്ക് നല്കി. ബാക്കി രണ്ടുപേർക്ക് എന്ത് സംഭവിച്ചുവെന്ന് അറിയില്ല. എന്നിട്ട് അദ്ദേഹം പറയുന്നു, ഇതിൽനിന്ന് മുഹമ്മദിﷺന്റെ ചരിത്രത്തെക്കുറിച്ച് ആന്തരികമായ അറിവ് ലഭിക്കുന്നു, അതായത് അവിടന്ന് തടവുകാരികളെ സ്വന്തം ഭാര്യയുടെ പിതാവിനും (ഹദ്റത്ത് ഉമർ) രണ്ട് പുത്രിമാരുടെ ഭർത്താക്കന്മാർക്കും (ഹദ്റത്ത് അലിയും ഹദ്റത്ത് ഉഥ്മാനും) നൽകി.(The Life of Mahomet by Sir William Muir page 435 Chapter The Hawazinite Prisoners Released, Mahomet Presents Female Slaves to All Othman and Omer London Smith, Elder, &CO, 15Waterloo Place 1878) അതായത് സ്വജനപക്ഷപാതം കാണിച്ചു.

ഇവിടെ വെറും ആക്ഷേപിക്കാൻ അല്ലെങ്കിൽ ദ്രോഹിക്കാൻവേണ്ടി ഒരു സംഭവം അവതരിപ്പിക്കാൻ ശ്രമം നടത്തിയിരിക്കുകയാണ്. അത് ഒട്ടും കഴമ്പില്ലാത്തതാണ്. കാരണം, ഹുനയ്ൻ യുദ്ധത്തിൽ അടിമസ്ത്രീകളെ ഇത്തരത്തിൽ വീതംവെച്ചതിനെക്കുറിച്ച് സീറത്ത് ഹൽബിയയിലോ ത്വബഖാത്ത് ഇബ്നു സഅ്ദിലോ പറയുന്നില്ല. സ്വത്ത് വീതംവെച്ചതിനെക്കുറിച്ച് പറയുന്നുണ്ട്. ത്വബഖാത്ത് ഇബ്നുസഅ്ദിൽ രേഖപ്പെടുത്തിയിരിക്കുന്നു: 'അന്ന് മുസ്‌ലിമീങ്ങൾക്ക് ആറായിരം തടവുകാരെ ലഭിച്ചു. അന്യാരാധകർ മുസ്‌ലിമീങ്ങളായി നബിﷺ തിരുമേനിയുടെ സന്നിധിയിൽ വന്ന് പറഞ്ഞു: 'അല്ലയോ നബിﷺ, അങ്ങ് ജനങ്ങളിൽ ഏറ്റവും ഉത്തമനാണ്. അങ്ങ് ഞങ്ങളുടെ സ്വത്തുക്കളേയും സ്ത്രീകളെയും കുട്ടികളെയും പിടിച്ചെടുത്തിരിക്കുന്നു. അപ്പോൾ നബിﷺതിരുമേനി മുസലിമീങ്ങളോട് പറഞ്ഞു: 'നിങ്ങളിൽ ആരുടെയെങ്കിലും പക്കൽ ഇപ്പറഞ്ഞതിൽ നിന്ന് വല്ലതുമുണ്ടെങ്കിൽ അത് സ്വന്തം ഇഷ്ടത്താൽ തിരിച്ചു നൽകാൻ സമ്മതമാണെങ്കിൽ, അതാണ് അഭികാമ്യം. സമ്മതമില്ലാത്തവർ നമുക്ക് തരട്ടെ. അത് നമുക്ക് ഒരു കടമായിരിക്കും. നമുക്ക് വല്ലതും ലഭിക്കുമ്പോൾ ഈ കടം വീട്ടാം. അവർ പറഞ്ഞു: 'നബിയേ! ഞങ്ങൾക്ക് സമ്മതമാണ്. ഞങ്ങൾ അംഗീകരിക്കുന്നു.' അവിടന്ന് പറഞ്ഞു: 'നിങ്ങളിൽ സമ്മതമില്ലാത്ത ആരെങ്കിലും ഉണ്ടാകുമോയെന്ന് എനിക്കറിയില്ല.(അക്കാര്യം മുമ്പേ വിവരിച്ചു കഴിഞ്ഞതാണ്). അതിനാൽ നിങ്ങൾ നിങ്ങളുടെ പ്രതിനിധികളെ എന്റെയടുക്കൽ അയക്കേണ്ടതാണ്. അവർ നിങ്ങളുടെ നിലപാട് അവതരിപ്പിക്കട്ടെ. പ്രതിനിധികൾ അവിടത്തെ അടുക്കൽ വന്നു. ആളുകൾ സമ്മതിച്ചിരിക്കുന്നുവെന്നും അംഗീകരിച്ചിരിക്കുന്നുവെന്നും അറിയിച്ചു.*(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നിസഅ്ദ്, ഭാഗം 2, പേജ് 118, ഇലാഹുനയ്ൻ, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 1990)*

ആദ്യം ഹുനയ്ൻ യുദ്ധത്തിലെ തടവുകാരുടെ ഏർപാടുകൾ, അവരുടെ മോചനത്തിന് നബിﷺ തിരുമേനി സ്വീകരിച്ച യുക്തിപൂർവമായ തന്ത്രങ്ങൾ എന്നിവയെക്കുറിച്ച് ആധികാരികമായ ചരിത്ര ഗ്രന്ഥങ്ങളിൽനിന്നും ഇവിടെ വിശദമായി വിവരിച്ചു കഴിഞ്ഞു. ഈ ചരിത്രപരമായ സത്യത്തെക്കുറിച്ച് സർ വില്യം മ്യൂറിനു പോലും നന്നായി അറിയാമായിരുന്നു. അതുകൊണ്ടാണ്, തന്റെ വിമർശനാത്മകമായ ശൈലിയിൽ വിവരിച്ചപ്പോഴും ഈ സത്യം തുറന്നു പറയുന്നതിൽനിന്ന് അദ്ദേഹത്തിന് പിന്തിരിയാൻ കഴിയാതിരുന്നത്. അദ്ദേഹം എഴുതുന്നു: 'ഹുനയ്നിലെ മുഴുവൻ തടവുകാരും മോചിപ്പിക്കപ്പെട്ടു.'(-The Life Of MahomeChapter The Hawazinite Prisoners Released, Mahomet Presents Female Slaves to All, Othman and Umar London, Smith, Elder, & CO., 15 Waterloo Place 1878)

അദ്ദേഹത്തിന്റെ ഈ പ്രസ്താവനതന്നെ അദ്ദേഹത്തിന്റെ ആക്ഷേപത്തെ ഖണ്ഡിക്കുന്നതാണ്. ഈ യുദ്ധത്തിലെ സംഭവങ്ങൾ പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്, തുടക്കത്തിൽ തടവുകാരുടെ മേൽനോട്ടം സ്വഹാബാക്കളെ ഏൽപ്പിച്ചിരുന്നു. എന്നാൽ, അവസാന ക്രമീകരണങ്ങൾ വരുത്തി, അവരെല്ലാവരെയും ഹദ്റത്ത് മസ്ഊദ് ബിൻ അംറ് ഗിഫാരിയുടെ മേൽനോട്ടത്തിൽ ജിഅ്റാനയിലേക്ക് അയച്ചുവെന്നതും വ്യക്തമാണ്. പിന്നീട്, ത്വാഇഫിൽനിന്ന് തിരിച്ചുവന്ന് നബിﷺതിരുമേനി ഹവാസിൻ ഗോത്രക്കാരുമായി സംസാരിച്ചപ്പോൾ തന്റെ പ്രത്യേക കാരുണ്യപരമായ യുക്തി ഉപയോഗിച്ച്, ഓരോരുത്തരുടെ പക്കലുമുള്ള തടവുകാരെയും അവിടന്ന് മോചിപ്പിച്ചു. ഇതു മുമ്പേ വിവരിച്ചതാണ്. ഇതിനു മുമ്പേയും ഞാൻ വിവരിച്ചിട്ടുണ്ട്. പ്രസിദ്ധ പൗരസ്ത്യ പണ്ഡിതനായ മോണ്ട്ഗുംറി വാട്ടിന് ഈ സത്യത്തെക്കുറിച്ച് നന്നായി അറിയാമായിരുന്നു. അതുകൊണ്ടാണ് അതേ ഭാഗത്ത് അദ്ദേഹം എഴുതുന്നത്: 'മുഹമ്മദ്ﷺയുടെ കാലത്തിന് വളരെ ശേഷം ഇതു കേട്ടവർ ഇത്തരം സംവങ്ങളിൽ അതിശയോക്തി കലർത്തിയതാണെന്ന് തോന്നുന്നു, അല്ലെങ്കിൽ ഈ കഥകൾ സ്വയം കെട്ടിച്ചമച്ചതോ നിർമിച്ചതോ ആകാം.'(Muhammad At Madina by W.Montgomery Watt page 73 Chapter The Battle of Hunayn, The Consolidation of Victory Oxford University Press Karachi 2006)

മാലിക് ബിൻ ഔഫ് നസ്‌രിയെ കുറിച്ച് മറ്റൊരു ആക്ഷേപം ഉന്നയിക്കുന്നുണ്ട്. അതായത് മാലിക് ബിൻ ഔഫിനെ നിർബന്ധിച്ച് മുസ്‌ലിമാക്കിയാതാണെന്ന് മാഗോളീസ് എന്ന വ്യക്തി ആക്ഷേപിക്കുന്നുണ്ട്. (Mohammed And The Rise of Islam by D.S.Margoliouth Page, Chapter The Taking of Mecca G.P.Putnam's Sons New 403, York and London The Knickerbocker Press Third Edition)

മാർഗോളിയസിന്റെ ഈ ആക്ഷേപം തീർത്തും അടിസ്ഥാനരഹിതമാണ്. ഇത്, നബിﷺതിരുമേനിയുടെ ചരിത്രത്തോടുള്ള പൗരസ്ത്യ പണ്ഡിതന്മാരുടെ പൊതുവായ സമീപനത്തിന്റെ ഉദാഹരണമാണ്. റഹ്മത്തുൻല്ലിൽ ആലമീന്റെ (പ്രപഞ്ചത്തിന് കാരുണ്യമായ പ്രവാചകന്റെ) വാത്സല്യത്തിന്റെ സംഭവത്തെപ്പോലും, യാഥാർഥ്യവുമായി പുലബന്ധം പോലുമില്ലാതെ, ബലാത്കാരത്തിന്റെ നിറം ചാർത്താൻ ശ്രമിക്കുന്നു. ഈ സംഭവത്തിന്റെ വിശദീകരണങ്ങൾ സീറത്ത് ഇബ്നു ഹിശാമിൽ രേഖപ്പെടുത്തിയിട്ടുണ്ട്: നബിﷺതിരുമേനി ഹവാസിൻ പ്രതിനിധി സംഘത്തിന്റെ ദയാഹർജി അംഗീകരിച്ച് അവരുടെ തടവുകാരെയും സ്വത്തുക്കളും തിരികെ നല്കിയപ്പോൾ, മുമ്പേ വിവരിച്ചതുപോലെ, ത്വാഇഫിലുള്ള മാലിക് ബിൻ ഔഫ് എന്ന നേതാവിനെക്കുറിച്ചും അവിടന്ന് ഓർത്തു. അവിടന്ന് ചോദിച്ചു: മാലിക് ബിൻ ഔഫിന്റെ കാര്യം പറയുക, അയാളുടെ അവസ്ഥയെന്താണ്? അയാൾ ഥഖീഫിന്റെ കൂടെ ത്വാഇഫിലുണ്ടെന്ന് പറയപ്പെട്ടു. അപ്പോൾ മാലിക് ബിൻ ഔഫിനോടും പ്രവാചകന്റെ അതേ കാരുണ്യം വീണ്ടും പ്രകടമായി. നബിﷺതിരുമേനി പറഞ്ഞു: 'അദ്ദേഹത്തോട് ചെന്നു പറയുക, ഇസ്‌ലാം സ്വീകരിക്കുകയാണെങ്കിൽ അദ്ദേഹത്തിന് തന്റെ കുടുംബാംഗങ്ങളെയും സ്വത്തും തിരികെ ലഭിക്കുന്നതാ


**• ഹദീഥുന്നബ്‌വിﷺ •**

**'എന്റെ സമുദായത്തിനുമേൽ വലിയ ഒരു ചുമടു ഞാൻ ചുമത്തുകയില്ലായിരുന്നെങ്കിൽ ഓരോ വുളുവിനും ദന്തധാവനം ഞാൻ അവരോടു ആജ്ഞാപിക്കുമായിരുന്നു.'**
**(ബു.30:27)**

ത്വാലിബെ ദുആ
**LATE P.V.SAINAB AND FAMILY**
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വിﷺ •**

**'ശുദ്ധീരണമില്ലാതെ നമസ്കാരമോ നിയമവിരുദ്ധ മാർഗങ്ങളിൽകൂടി സമ്പാദിച്ചതിൽ നിന്നുള്ള ധർമമോ സ്വീകരിക്കപ്പെടുന്നതല്ല.' (മിശ്ക്കാത്ത് 3:1)**

ത്വാലിബെ ദുആ
**PROF.M.K.ABDUL KAREEM AND FAMILY**
KARULAI, MALAPPURAM

യിരിക്കുമെന്ന്! അതിൽ മാത്രം ഒതുങ്ങാതെ അവിടന്ന് പറഞ്ഞു: അദ്ദേഹത്തിന് നൂറ് ഒട്ടകം കൂടി നല്കപ്പെടും.

ഇവിടെ ഒരു കാര്യം ശ്രദ്ധാർഹമാണ്: നബിﷺതിരുമേനി വിജയിയാണ്. മാലിക് ബിൻ ഔഫിനെക്കൊണ്ട് ആ മഹാത്മാവിന് എന്തെങ്കിലും ഉദ്ദേശ്യമോ നേട്ടമോ ഇല്ല. ഒരു നിയമപ്രകാരവും മാലിക് ബിൻ ഔഫിന്റെ കാര്യത്തിൽ അവിടന്ന് ഒരു അണുവളവുപോലും ബാധ്യസ്ഥനുമല്ല. എന്നിട്ടും, തന്റെ പരമമായ കാരുണ്യംകൊണ്ട്, അദ്ദേഹത്തിന് ഇസ്‌ലാം സ്വീകരിക്കാനുള്ള സന്ദേശം അയക്കുകയും കുടുംബാംഗങ്ങളെയും സ്വത്തും അതിനുപുറമേ നൂറ് ഒട്ടകവും നല്കുമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു.

മാലിക്കിന്റെ ഹൃദയത്തിൽ ഇസ്‌ലാം നേരത്തെ സ്ഥാനം പിടിച്ചിരുന്നുവെന്ന് തോന്നുന്നു. നബിﷺതിരുമേനിയുടെ പ്രസ്തുത സന്ദേശം ലഭിച്ചപ്പോൾത്തന്നെ നബിﷺതിരുമേനിയെ കാണാൻ അദ്ദേഹം പുറപ്പെട്ടു. ത്വാഇഫിൽ നിന്ന് യാത്ര ചെയ്ത് ജിഅ്റാനയിലോ മക്കയിലോവച്ച് നബിﷺതിരുമേനിയെ കണ്ടുമുട്ടി. മാലിക് മുസ്‌ലിമായി. നബിﷺതിരുമേനി അദ്ദേഹത്തിന് തന്റെ കുടുംബാംഗങ്ങളെയും സ്വത്തുക്കളും കൂടാതെ നൂറ് ഒട്ടകവും നല്കുകയും അദ്ദേഹം ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു. ഇസ്‌ലാം സ്വീകരിച്ചപ്പോൾ അദ്ദേഹം ഒരു കവിത ചൊല്ലി. അതിലൊരു വരി ഇതായിരുന്നു:

**മാ ഇൻ റഅ്യത്തു വലാ സമിഅ്ത്തു ബി മിഥ്‌ലിഹീ**

**ഫിന്നാസി കുല്ലിഹിം ബി മിഥ്‌ലി മുഹമ്മദിൻ**

ഞാൻ സകല ജനങ്ങളിൽവെച്ചും മുഹമ്മദിനെപ്പോലെﷺയുള്ള വ്യക്തിയെ ഒരിക്കലും കണ്ടിട്ടില്ല. ഒരിക്കലും ഈ നില പ്രാപിച്ചിട്ടുള്ള വ്യക്തിയെ സംബന്ധിച്ച് കേട്ടിട്ടുമില്ല.*(അസ്സീറുത്തുന്നബ്വിയ്യ ലി ഇബ്നി ഹിശാം പേജ് 797, അംറ അംവാലു ഹവാസിൻ ഹവാസിൻ വ സബായാഹാ....... ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)*

ഇതായിരുന്നു ഹുനയ്ൻ യുദ്ധാനന്തരമുള്ള മുഴുവൻ സംഭവങ്ങളും. ഇൻശാ അല്ലാഹ്, മറ്റു സൈനിക നീക്കങ്ങൾ പിന്നീട് വിവരിക്കുന്നതാണ്.

ഇനി ഞാൻ രണ്ട് പരേതാത്മാക്കളെ അനുസ്മരിക്കുന്നതാണ്. അതിനുശേഷം ഇവരുടെ ജനാസ നമസ്കാരം നിർവഹിക്കുന്നതുമാണ്. ആദ്യത്തേത് ഡോക്ടർ ലയീഖ് അഹ്മദ് ഫറഖ് സാഹിബ്. ഇദ്ദേഹം കാനഡയിലാണ് മരണപ്പെട്ടത്. വാഖിഫെ സിന്ദഗി ഡോക്ടർ എന്ന നിലയിൽ നിരവധി വർഷങ്ങൾ ആഫ്രിക്കയിൽ സേവനം ചെയ്തിട്ടുണ്ട്. കഴിഞ്ഞ ദിവസം 83-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ*

പരേതൻ മൂസിയുമായിരുന്നു. ഭാര്യയും ഒരു മകനും രണ്ടു പെൺമക്കളുമടങ്ങിയതാണ് ഇദ്ദേഹത്തിന്റെ കുടുംബം. മജ്‌ലിസ് നുസ്റത്ത് ജഹാൻ പദ്ധതിയുടെ ഭാഗമായി 1974-ൽ ഇദ്ദേഹത്തെ ഘാനയിൽ അയച്ചു. 1978-വരെ അവിടുത്തെ സെൻട്രൽ ഹോസ്പിറ്റലിൽ സേവനം തുടർന്നു. മൂന്നു വർഷത്തെ വഖ്ഫു ജീവിതം പൂർത്തിയാക്കിയ ശേഷം, അനാരോഗ്യം കാരണത്താൽ അദ്ദേഹം അവധി ആവശ്യപ്പെട്ടപ്പോൾ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ (റഹിമഹുല്ലാഹ്) അദ്ദേഹത്തോട് ഒരു വർഷം കൂടി ജോലി തുടരാൻ ആവശ്യപ്പെട്ടു.

വളരെ സങ്കീർണ്ണമായ കേസുകളാണ് അദ്ദേഹത്തിന്റെ അടുക്കൽ വന്നിരുന്നത്. ചില കേസുകൾ സർക്കാർ ആശുപത്രികളിലേക്ക് റഫർ ചെയ്യാൻ അദ്ദേഹം ശ്രമിക്കുമെങ്കിലും, രോഗികൾ പറയും: 'ഞങ്ങൾ ചികിത്സ തേടുകയാണെങ്കിൽ അത് അഹ്മദിയ്യ ഹോസ്പിറ്റലിൽനിന്നും അഹ്മദി ഡോക്ടറിൽ നിന്നും മാത്രമായിരിക്കും.' പ്രതീക്ഷയില്ലാത്ത പല ശസ്ത്രക്രിയകളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിജയിച്ചിരുന്നു.

അങ്ങനെ, സ്റ്റ്രാങ്കുലേറ്റഡ് ഹെർണിയയുടെ ഒരു സങ്കീർണ്ണ കേസ് വന്നപ്പോൾ, അദ്ദേഹം വളരെ പ്രയാസപ്പെട്ടാണെങ്കിലും അത് നിർവഹിച്ചു. അദ്ദേഹം അല്ലാഹുവിനോടു പ്രാർഥിച്ചു, അല്ലാഹു അത് വിജയിപ്പിച്ചു. 1984-ൽ അദ്ദേഹത്തെ വീണ്ടും ആഫ്രിക്കയിൽ, ഗാംബിയയിലേക്ക് അയച്ചു. 1993-വരെ അദ്ദേഹം അവിടെ സേവനം തുടർന്നു. സമർപ്പണത്തിന്റെ പൂർണ്ണ ചൈതന്യത്തോടെയാണ് അദ്ദേഹം അവിടെ പ്രവർത്തിച്ചത്. അദ്ദേഹത്തിന്റെ മകനെഴുതിയത് വളരെ ശരിയായ കാര്യങ്ങളാണ്: വളരെ ശാന്തസ്വഭാവമുള്ള വ്യക്തിയായിരുന്നു അദ്ദേഹം. പ്രാർഥനാനിരതൻ, വിനയം, എളിമ, ക്ഷമ, സ്ഥിരത എന്നിവയ്ക്ക് ഒരു ഉദാഹരണമായിരുന്നു. ജീവിതം മുഴുവൻ മനുഷ്യസേവനത്തിനാണ് ചെലവഴിച്ചത്.

വഖ്ഫു അഥവാ ജീവിതസമർപ്പണ കാലയളവിൽ, പ്രത്യേകിച്ചും ഗാംബിയയിലെ പിന്നാക്കം നിൽക്കുന്ന അൻജുവാര എന്ന ചെറിയ ഗ്രാമത്തിൽ, ഭക്ഷണത്തിനുപോലും പ്രയാസമുള്ള വളരെ ദുഷ്കരമായ സാഹചര്യങ്ങളായിരുന്നു. ഉഷ്ണമേഖലയായിരുന്നു. വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊന്നുമുണ്ടായിരുന്നില്ല. എങ്കിലും അദ്ദേഹം അവിടെ സേവനം തുടർന്നു. മകൻ പറയുന്നു: 'ഞാനും രോഗിയായിരുന്നു. എന്റെ കാലിന്നടിയിൽ വ്രണമുണ്ടായിരുന്നു. അപ്പോൾ എന്നെ എടുത്തുകൊണ്ട് അദ്ദേഹം സ്കൂളിൽ കൊണ്ടുപോയി വിടുമായിരുന്നു. ഒരിക്കലും പരിഭവം പറഞ്ഞില്ല.'

പിന്നീട് അദ്ദേഹം പറയുന്നു: ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ(റഹ്) 1988-ൽ അവിടെ സന്ദർശിച്ചപ്പോൾ പ്രത്യേകമായി ഞങ്ങളുടെ വീട്ടിൽവന്നത് ഞങ്ങളുടെ വലിയ സൗഭാഗ്യമായിരുന്നു. വീട്ടിലിരിക്കാൻ കസേരപോലുമുണ്ടായിരുന്നില്ല. എന്നിട്ടും ഹുദൂർ പറഞ്ഞു: ഞാൻ നിങ്ങളുടെ കൂടെ ഭക്ഷണം കഴിക്കുമെന്ന്! മറ്റു സ്റ്റാഫുകളോടു പുറത്തുപോകാനും പറഞ്ഞു. ഇത് തങ്ങൾക്ക് വലിയ ബഹുമതി ആയിരുന്നെന്നും അദ്ദേഹം പറയുന്നു.

ലാഹോറിലെ ജോലി സമയത്ത് നടന്ന ഒരു സംഭവം അദ്ദേഹം വിവരിക്കാറുണ്ടായിരുന്നു: എന്റെ രക്തസമ്മർദ്ദം വളരെ താഴ്ന്നുപോയി, ഞാൻ മേശപ്പുറത്തു കിടന്നു. ഞാൻ മരിക്കാൻ പോകുകയാണെന്ന് തോന്നി. ഡോക്ടർമാർക്ക് രോഗങ്ങളെക്കുറിച്ച് ചില ഭയവുമുണ്ടാകും. അവർക്ക് അറിയുകയും ചെയ്യാമല്ലോ. അപ്പോഴാണ് ഞാനൊരു അശരീരി കേട്ടത്: 'ഇനിയും സമയമായിട്ടില്ല, കാനഡയിൽ പോയാലായിരിക്കും നടക്കുക.' വർഷങ്ങൾക്കുശേഷം അല്ലാഹു അത് അവിടെവച്ച് നിറവേറ്റി.

1978-ൽ ഘാനയിൽനിന്ന് തിരിച്ചുവന്നപ്പോൾ, ജമാഅത്തിന്റെ ഒരു പ്രതിനിധി സംഘത്തോടൊപ്പം അദ്ദേഹം ഖലീഫത്തുൽ മസീഹ് മൂന്നാമനെ(റഹ്) കാണാൻ പോയി. ഖലീഫത്തുൽ മസീഹ് മൂന്നാമൻ ചോദിച്ചു: 'താങ്കൾ തിരിച്ചുവന്നോ? താങ്കളെവിടെ നിന്നാണോ വന്നത് അങ്ങോട്ടു തന്നെ ഞാൻ വീണ്ടും അയക്കുന്നതാണ്.' അന്ന് അദ്ദേഹത്തിന് അത് മനസ്സിലായില്ല, കാരണം അദ്ദേഹം വീണ്ടും വഖ്ഫ് ചെയ്തിരുന്നില്ല. എന്നാൽ, 1983-ൽ റബ്‌വയിലെ സെക്രട്ടറി നുസ്റത്ത് ജഹാന്റെ കത്ത് അദ്ദേഹത്തിന് ലഭിച്ചു: 'നിങ്ങളെ നിയമിക്കാൻ ആലോചിക്കുന്നുണ്ട്, അതിനാൽ വരുക.' 1984-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ(റഹ്) അദ്ദേഹത്തെ വീണ്ടും ആഫ്രിക്കയിലെ ഗാംബിയയിലേക്ക് അയച്ചു. അദ്ദേഹം പറയുന്നു: 'ഇതൊരു അത്ഭുതമായിരുന്നു. ഒരു ഖലീഫ പറഞ്ഞ കാര്യം മറ്റൊരാൾ പൂർത്തിയാക്കി.'

ഘാനയിലെ മുൻ അമീർ ആയിരുന്ന വഹാബ് ആദം സാഹിബ് പറയാറുണ്ടായിരുന്നു: ഡോക്ടർ സാഹിബ് ഏതെങ്കിലും രോഗിയുടെ അവസ്ഥ ഗുരുതരമായി കണ്ടാൽ ഉടൻതന്നെ നഫ്ൽ നമസ്കാരം തുടങ്ങും. അദ്ദേഹം ഘാനയിൽ താമസിച്ചിരുന്ന കാലത്ത് ഞാനും അദ്ദേഹത്തോടൊപ്പം സമയം ചെലവഴിച്ചിട്ടുണ്ട്. ഞാൻ അദ്ദേഹത്തെ കണ്ടിട്ടുണ്ട്. അങ്ങേയറ്റം

**• ഹദീഥുന്നബ്‌വിﷺ •**

**'നിങ്ങൾ വസ്ത്രം ധരിക്കുമ്പോഴും വുളു ചെയ്യുമ്പോഴും വലത്തുഭാഗം മുതൽ ആരംഭിക്കുക.'**

**(മിശ്ക്കാത്ത് 3:4)**

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

**• ഹദീഥുന്നബ്‌വിﷺ •**

**യാത്ര ചെയ്യുന്ന ഒരാൾക്ക് മൂന്നു പകലും രാത്രിയും യാത്രയിലല്ലാത്ത ഒരാൾക്ക് ഒരുപകലും രാത്രിയും അവൻ ശുദ്ധമായിരുന്നപ്പോൾ ഇട്ടതാണെങ്കിൽ അവന്റെ ബൂട്ട്സു തടകുവാൻ (കാലു കഴുകുന്നതിനു പകരം) അവിടന്ന് അനുവദിച്ചു. (മിശ്ക്കാത്ത് 3:9)**

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

മാന്യനും വിനയാനതനും സേവനസന്നദ്ധനുമായ വ്യക്തിയായിരുന്നു. ഇസ്‌ലാമിനുവേണ്ടി ജീവിതാർപണം ചെയ്തവരെ വളരെയധികം ആദരിക്കുന്നയാളായിരുന്നു. അതിഥി സൽക്കാരഗുണം അദ്ദേഹത്തിലും ഭാര്യയിലും നിറഞ്ഞിരുന്നു. വളരെ ചുരുക്കം ആളുകളിൽ മാത്രം കാണുന്ന നിരവധി ഗുണങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു.

നിലവിൽ ജാമിഅ കാനഡയുടെ പ്രിൻസിപ്പലും, ഗാംബിയയിലെ മുൻ അമീറുമായിരുന്ന ദാവൂദ് ഹനീഫ് സാഹിബ് പറയുന്നു: 'രാത്രിയെന്നോ പകലെന്നോ നോക്കാതെ, മനുഷ്യസേവനത്തിന് എപ്പോഴും തയ്യാറായിരുന്നു അദ്ദേഹം. ദുരിതമനുഭവിക്കുന്ന ആരെങ്കിലും ഉണ്ടോ എന്നുമാത്രമേ അദ്ദേഹം നോക്കിയിരുന്നുള്ളൂ. ഉടൻതന്നെ അവരെ സേവിക്കുമായിരുന്നു. അദ്ദേഹത്തെ നിയമിച്ച സ്ഥലത്തെ ആശുപത്രി വളരെ ചെറുതായിരുന്നു. അവിടെയെത്താൻ രണ്ടുതവണ കടത്തുവള്ളം മാറിക്കയറണമായിരുന്നു. അദ്ദേഹത്തിന്റെ താമസം ഒരു പഴയ, ഉപേക്ഷിക്കപ്പെട്ട സ്റ്റോർ റൂമിലായിരുന്നു. അത് വൃത്തിയാക്കിയാണ് വീടാക്കി മാറ്റിയത്. എങ്കിലും അദ്ദേഹം വലിയ സന്തോഷത്തോടെ അവിടെ താമസിച്ചു. വൈദ്യുതിയില്ല, വെള്ളമില്ല, ടെലിഫോണില്ല. കിണറ്റിൽ നിന്നും പുഴയിൽനിന്നും സ്വയം വെള്ളം കോരിക്കൊണ്ടുവരണം. മെഴുകുതിരിയോ റാന്തലോ ഉപയോഗിച്ചാണ് വെളിച്ചം ഉപയോഗിച്ചിരുന്നത്. ശസ്ത്രക്രിയകൾ സാധാരണയായി പകൽ വെളിച്ചത്തിലായിരുന്നു നടത്തിയിരുന്നത്. ഓപ്പറേഷൻ ഉപകരണങ്ങൾ ഗ്യാസ് സ്റ്റൗവിൽ വച്ച് സ്റ്ററിലൈസ് ചെയ്യുമായിരുന്നു. ഇങ്ങനെയുള്ള സാഹചര്യങ്ങളിലാണ് അദ്ദേഹം സേവനം അനുഷ്ഠിച്ചത്. ഇന്നത്തെ ഡോക്ടർമാർ ഇതംഗീകരിക്കാൻപോലും തയ്യാറാവില്ല, ഇതെങ്ങനെയാണ് ചെയ്യുന്നതെന്ന് അവർക്കറിയില്ലായിരിക്കും.

അദ്ദേഹം അവിടെ താമസിക്കുമ്പോൾ നടന്ന ഒരു സംഭവം ഇപ്രകാരമാണ്. അവിടെയുള്ള ഒരു വീട്ടിൽ കള്ളന്മാർ മോഷണം നടത്തി. ആളുകൾ ശബ്ദമുണ്ടാക്കി കള്ളന്മാരെ വളഞ്ഞപ്പോൾ, അവർ അവരുടെ വാൾ പോലുള്ള ആയുധമെടുത്ത് ഒരാളുടെ തലയ്ക്കുവെട്ടി. അയാൾക്ക് ഗുരുതരമായി മുറിവേറ്റു. രാത്രി തന്നെ ഡോക്ടർ സാഹിബിനെ വിളിച്ചു. അദ്ദേഹം ഉടൻതന്നെ, ഇന്ന് സങ്കൽപ്പിക്കാൻപോലും കഴിയാത്ത രീതിയിൽ, ടോർച്ച് ലൈറ്റിന്റെയും മെഴുകുതിരിയുടെയും വെളിച്ചത്തിൽ ശസ്ത്രക്രിയ നടത്തി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ശസ്ത്രക്രിയ വിജയിക്കുകയും രോഗി രക്ഷപ്പെടുകയും ചെയ്തു.

ഒരിക്കൽ ഒരു പാവപ്പെട്ടയാൾ ഡോക്ടർ സാഹിബിന്റെ അടുക്കൽ വന്നു പറഞ്ഞു: "എന്റെ ഗ്രാമം വളരെ ദൂരത്താണ്, ഗതാഗത സൗകര്യമില്ല. എനിക്ക് രോഗിയെ കൊണ്ടുവരാൻ കഴിയില്ല. അങ്ങ് ദയവുചെയ്ത് വന്ന് രോഗിയെ നോക്കണം." അദ്ദേഹം ഉടൻതന്നെ അയാളോടൊപ്പം നടന്നുപോയി രോഗിയെ കാണുകയും ചികിത്സിക്കുകയും ചെയ്തു. അയാൾക്ക് അസുഖം ഭേദമായി. ആ പ്രദേശത്തെ പാർലമെന്റംഗം ഇതറിഞ്ഞപ്പോൾ, അദ്ദേഹത്തിന് നന്ദി പറയാൻ ക്ലിനിക്കിൽ വന്നു. പിന്നീട് അദ്ദേഹം വരുമ്പോഴെല്ലാം ഡോക്ടർ സാഹിബിനെ കാണാൻ വരുകയും, യഥാർഥ രീതിയിലുള്ള മനുഷ്യസേവനം താങ്കളാണ് ചെയ്യുന്നതെന്ന് പറയുകയും ചെയ്യുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന് പാപപ്പൊറുതിയും കാരുണ്യവും നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ പദവികളുയർത്തുമാറാകട്ടെ. ഭാര്യയെയും മക്കളെയും തന്റെ സംരക്ഷണത്തിൽവെക്കുകയും അവർക്ക് ക്ഷമയും ധൈര്യവും നല്കുകയും ചെയ്യുമാറാകട്ടെ.

രണ്ടാമത്തെ ജനാസ ഹമീദ് അഹ്‌മദ് ഗോറി സാഹിബ്, ഹൈദരാബാദ്, ഇന്ത്യയുടേതാണ്. ഇദ്ദേഹവും കഴിഞ്ഞ ദിവസം എഴുപത്തിനാലാം വയസ്സിൽ മരണപ്പെട്ടു. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.*

ഇദ്ദേഹം മൂസി ആയിരുന്നു. ഭാര്യ, ഒരു മകൾ, നാലു ആൺ മക്കൾ, പേരക്കുട്ടികൾ എന്നിവരടങ്ങുന്നതാണ് ഇദ്ദേഹത്തിന്റെ കുടുംബം. ഇദ്ദേഹത്തിന്റെ എല്ലാ മക്കളും ഏതെങ്കിലും വിധത്തിൽ ജമാഅത്തിന് സേവനം ചെയ്തുവരുന്നു. ഇദ്ദേഹം നാളിർ അഅ്‌ലാ ഖാദിയാൻ ഇനാം ഗോറി സാഹിബിന്റെ ഇളയ സഹോദരനും, സമദ് ഗോറി സാഹിബിന്റെ (മുബല്ലിഗ്, അമീർ ജമാഅത്ത് അൽബേനിയ) പിതാവുമായിരുന്നു.

ഇദ്ദേഹം നോമ്പും നമസ്കാരവും കൃത്യമായി അനുഷ്ഠിക്കുന്ന, തഹജ്ജുദ് പതിവായി നിർവഹിക്കുന്ന വ്യക്തിയായിരുന്നു. വിശുദ്ധ ഖുർആനിനെ അങ്ങേയറ്റം സ്നേഹിച്ചിരുന്നു. എപ്പോഴും പാരായണം ചെയ്യുകയും മനഃപാഠമാക്കാൻ ശ്രമിക്കുകയും ചെയ്യുമായിരുന്നു. ആരോഗ്യം അനുവദിച്ചിരുന്ന കാലത്തോളം, സ്വുബ്ഹി നമസ്കാരത്തിന് മുമ്പേ തഹജ്ജുദ് നമസ്കരിക്കുമായിരുന്നു. ശേഷം, മഹല്ലിലെ അഹ്‌മദി വീടുകളിൽപ്പോയി കതകിൽ മുട്ടി വിളിച്ചിട്ടായിരുന്നു മസ്ജിദിൽ പോയിരുന്നത്.

ഹജ്ജ്, ഉംറ എന്നിവ നിർവഹിക്കാനുള്ള സൗഭാഗ്യവും അദ്ദേഹത്തിന് ലഭിച്ചു. ഖിലാഫത്തിന്റെ കൽപ്പനകൾ അനുസരിച്ച് ജീവിക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. ചെറുതോ വലുതോ ആയ എല്ലാ കൽപ്പനകളും കർമത്തിൽ കൊണ്ടുവരാൻ അദ്ദേഹം ശ്രമിക്കുമായിരുന്നു. അദ്ദേഹം ജമാഅത്തിൽ ഖുത്ബകൾ നിർവഹിച്ചിരുന്നതിനാൽ, 'താൻ ആദ്യം സ്വയം പ്രവർത്തിക്കും, എന്നിട്ട് ജമാഅത്തിനെ ഉണർത്തും' എന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം അതിൽ വിജയിച്ചിരുന്നു.

അദ്ദേഹം വീട്ടിൽ ഹോമിയോപ്പതി ചികിത്സ നടത്തിയിരുന്നു. മരുന്നുകൾ ശേഖരിച്ച് രോഗികൾക്ക് സൗജന്യമായി നല്കിയിരുന്നു. സാമ്പത്തിക ത്യാഗങ്ങളിൽ അദ്ദേഹം മുൻപന്തിയിലായിരുന്നു. ഒരു അടുത്ത ബന്ധു പറഞ്ഞു: 'എന്റെ ഹിസ്സ ആമദിൽ (വരുമാനത്തിന്റെ വിഹിതം) കുടിശ്ശിക വന്നപ്പോൾ, അദ്ദേഹം സെക്രട്ടറിയുടെ അടുത്തുപോയി എനിക്കുവേണ്ടി ചന്ദ അടച്ചു. അതിനുശേഷം എന്നെ താക്കീത് ചെയ്തു: 'ഇനിയൊരിക്കലും താങ്കൾക്ക് കുടിശ്ശിക ഉണ്ടാകരുത്, ആദ്യം ചന്ദ നല്കണം.'

അദ്ദേഹം ബന്ധുത്വം ഊട്ടിയുറപ്പിക്കുന്നതിൽ വളരെ ശ്രദ്ധിച്ചിരുന്നു. ബന്ധുക്കളെ വീട്ടിൽ പലപ്പോഴും ഒരുമിച്ചു കൂട്ടുകയും അവരുടെ ദുഃഖങ്ങളിലും സന്തോഷങ്ങളിലും പങ്കുചേരുകയും ചെയ്യുമായിരുന്നു. കേന്ദ്ര പ്രതിനിധികളെയും മുബല്ലിഗുമാരേയും വളരെയധികം ആദരിച്ചിരുന്നു. അദ്ദേഹം ഹൈദരാബാദിന്റെ നാഇബ് അമീറായും, സെക്രട്ടറി തഅ്‌ലീമുൽ ഖുർആനായും ഹൽഖയിലെ ജമാഅത്ത് പ്രസിഡന്റായും, നാളിം അൻസാറുല്ലയായും, ദക്ഷിണ ഭാരതത്തിലെ മജ്‌ലിസ് അൻസാറുല്ലായുടെ വൈസ് പ്രസിഡന്റായും സേവനം ചെയ്തിട്ടുണ്ട്. നിരവധി ജമാഅത്ത് സേവനങ്ങളിൽ അദ്ദേഹം പങ്കാളിയായിട്ടുണ്ട്. ഒരു തവണ ഇവിടെയും ജൽസയിൽ പങ്കെടുത്തിട്ടുണ്ട്. അല്ലാഹു അദ്ദേഹത്തിന് പാപമോചനവും കരുണയും നല്കുമാറാകട്ടെ. അൽബേനിയയിൽ മുബല്ലിഗായ അദ്ദേഹത്തിന്റെ മകന് ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. അല്ലാഹു അദ്ദേഹത്തിനും ക്ഷമയും ധൈര്യവും നല്കുമാറാകട്ടെ. ഇവരുടെ ജനാസ നമസ്കരിക്കുന്നതാണ്. *(വിവർത്തനം: അംനാസ് പി.കെ. കടലായ്)*

പേജ് 1 ൽ നിന്ന്

ന്നത് പ്രകടമാണ്. ശവംതന്നെ എടുത്തുനോക്കുക. ഏതെങ്കിലും മൃഗം ചത്താൽ അതിനെ സംബന്ധിച്ച് പറയാൻ കഴിയുന്നത് അത് വയസ്സായിട്ട് ചത്തെന്നാണ്. അല്ലെങ്കിൽ ഏതെങ്കിലും വിഷമുള്ള ജീവിയുടെ കടിയേറ്റ് ചത്തെന്നാണ്. എന്തെങ്കിലും രോഗം കാരണത്താലോ വിഷം ഉള്ളിൽച്ചെന്നോ ചത്തതായിരിക്കുമെന്നാണ്. ഈ കാര്യങ്ങളെല്ലാം അതിൽ വിഷമുണ്ടെന്നും അതിന്റെ മാംസം ഉപയോഗിക്കാൻ പറ്റില്ലെന്നും വരുത്തി വെക്കുന്നു. അതേതെങ്കിലും കഠിനമായ ദുഃഖത്താലാണ് മരിച്ചതെങ്കിൽ ഉദാഹരണത്തിന് കിണറ്റിൽവീണാണ് ചത്തതെങ്കിൽ അല്ലെങ്കിൽ തമ്മിൽ കുത്തി ചത്തതാണെങ്കിൽ അപ്പോഴും അതിന്റെ ചോരയിൽ വിഷമുണ്ടാകുന്നു. അത് അതിന്റെ മാംസം ഉപയോഗിക്കാൻ പറ്റാത്തതാക്കിത്തീർക്കുന്നു. ഏതെങ്കിലും വിഷം കലർന്ന ചോരയാണെങ്കിൽ വൈദ്യപരമായ അടിസ്ഥാനത്തിൽ അതിന്റെ ഉപയോഗം ആരോഗ്യത്തിന് ഹാനികരമാണ്. ഇതേ അവസ്ഥതന്നെയാണ് പന്നിയിറച്ചിയുടേയും. അതിന്റെ ഉപയോഗംകൊണ്ടും പലരീതിയിലുള്ള രോഗങ്ങളുണ്ടാകുന്നു. പന്നിയിൽ ചില സ്വഭാവപരമായ ന്യൂനതകളും കാണാം. അത് ആ മാംസം ഭക്ഷിക്കുന്നവരിൽ കയറുന്നു. അല്ലാഹു അല്ലാത്തവയുടെ പേരിൽ അറുക്കപ്പെട്ടതിന്റെ ഉപയോഗവും മനുഷ്യനെ നിർലജ്ജനാക്കുന്നു. അവന്റെ മനസ്സിൽനിന്ന് അല്ലാഹുവിനോടുള്ള മര്യാദകൾ അകന്നുപോകുന്നു. ഇപ്രകാരം തന്നെ കുടിക്കുന്ന വസ്തുക്കളിൽനിന്ന് ഇസ്‌ലാം മദ്യം ഹറാമാക്കി. കാരണം അത് മനുഷ്യബുദ്ധിയുടെമേൽ പർദയിടുന്നു. അവന്റെ ബുദ്ധിക്കും അറിവിനും നഷ്ടം വരുത്തുന്നു. ചുരുക്കത്തിൽ അല്ലാഹു എത്രത്തോളം വസ്തുക്കൾ നിഷിദ്ധമാക്കിയിട്ടുണ്ടോ അവയുടെ കാരണം അവയുടെ ശാരീരികവും ധാർമികവും ആത്മീയവുമായ വിഷമാണ്. മനുഷ്യന്റെ ശാരീരികവും ധാർമികവും ആത്മീയപരവുമായ അഭിവൃദ്ധിക്ക് നിദാനമാകുന്നതിനെയെല്ലാം അനുവദനീയമാക്കി. പിന്നീട് ഹലാലായ വസ്തുക്കളിൽനിന്നും ശുദ്ധമായത് ഉപയോഗിക്കാനാണ് കൂടുതൽ ശക്തി ചെലുത്തിയിട്ടുള്ളത്. അതായത് മനുഷ്യന്റെ ആരോഗ്യത്തിനും അവന്റെ സ്വഭാവത്തിനും അനുയോജ്യമായിട്ടുള്ളത്

ഭക്ഷിക്കുക. അതുപയോഗിക്കുന്നതുകൊണ്ട് ഉപദ്രവമൊന്നും ഉണ്ടാകാൻ പാടില്ല. ഇതിൽനിന്നെല്ലാം പ്രകടമാകുന്നത് ഇസ്‌ലാം ധാർമികതയ്ക്ക് കരുത്തേകുന്ന ഭക്ഷണങ്ങളുടെ സ്വാധീനത്തെയാണ് അംഗീകരിച്ചിട്ടുള്ളത്. അതിനെ പ്രത്യേകമായ വ്യവസ്ഥകളും നിബന്ധനകളുംവെച്ച് ധാർമികത കരസ്ഥമാക്കാനുള്ള ഒരു പുതിയ കവാടം തുറന്നിരിക്കുന്നുവെന്നാണ്. *(തഫ്സീറെ കബീർ, വാള്യം 6, പേജ് 180, പ്രസാധനം ഖാദിയാൻ 2010)*

പേജ് 12 ൽ നിന്ന്

യുടേയും ദൃശ്യങ്ങൾ കാണാൻ കഴിയുന്നിടത്ത് കുട്ടികളും ജമാഅത്തിന് ഉപകാരപ്പെടുന്നവരായി വളർന്നു വരുന്നതും പിന്നീട് നമ്മളിലെ ഓരോരുത്തരും കാണുന്നതായിരിക്കും അവരുടെ ശിക്ഷണവും ഉന്നതമായ രീതിയിൽ നടന്നുകൊണ്ടിരിക്കുന്നതാണ്. ഇക്കാര്യമാണ് ഒരു അഹ്മദി തന്റെ ജീവിതത്തിന്റെ ഭാഗമാക്കുന്നതിന് പൂർണമായ ശ്രദ്ധയോടും അധ്വാനത്തോടും ചെയ്യേണ്ടത്.

ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്ؑ ഇക്കാര്യം നമ്മളിലുണ്ടാക്കുന്നതിന് ഒരുപാട് പരിശ്രമിക്കുകയുണ്ടായി. അദ്ദേഹം വന്നതിന്റെ ഉദ്ദേശ്യവും ഇതു തന്നെയായിരുന്നു. അതായത് നിങ്ങൾ ലോകത്തെ എല്ലാ വസ്തുക്കളെക്കാളും ഉന്നതസ്ഥാനം വിശുദ്ധഖുർആന് നല്കുന്നവരാകുക. മറ്റൊന്നിനും കൊടുക്കാത്ത ആദരവ് അതിനു കൊടുക്കുക. അന്യജമാഅത്തുകൾ പൊതുവെ ബഹുമാനിക്കുന്ന രീതിയിൽ നമ്മൾ വിശുദ്ധ ഖുർആനിനെ ബഹുമാനിച്ചാൽ പോര. മനോഹരമായ വസ്ത്രത്തിൽ പൊതിഞ്ഞുവച്ചാൽ പോര, ആകർഷണീയമായ ഷൽഫിൽവച്ചാൽ പോര. വിശുദ്ധഖുർആനോടുള്ള യഥാർഥ ആദരവെന്നത്, അതിനോടുള്ള സ്നേഹമെന്നു പറയുന്നത് അതിന്റെ കൽപനയനുസരിച്ച് കർമങ്ങൾ ചെയ്യാൻ പിരപൂർണമായും പരിശ്രമിക്കുക എന്നതാണ്. അതിലെ വിധിവിലക്കുകൾ ജീവിതത്തിന്റെ ഭാഗമാക്കുക എന്നതാണ്. ഏതൊരു കാര്യമാണോ അല്ലാഹു ചെയ്യരുതെന്ന് പറഞ്ഞ് വിലക്കിയത് അത് ചെയ്യാതിരിക്കുക എന്നതാണ്. ഏതൊരു കാര്യമാണോ ചെയ്യാൻ കൽപിച്ചിട്ടുള്ളത് അത് ചെയ്യുന്നതിന് സകലകഴിവുകളും ശക്തികളും പൂർണമായും ഉപയോഗിക്കുക എന്നതാണ്. അല്ലാഹുവിനോടുള്ള ഭയം മനസ്സിൽവെച്ചുകൊണ്ട് വിശുദ്ധഖുർആൻ പാരായണം ചെയ്യുക. ഹദ്റത്ത് മസീഹ് മൗഊദ്ؑനിരവധി സ്ഥലങ്ങളിൽ, തന്റെ ഗ്രന്ഥങ്ങളിൽ, തന്റെ മജ്‌ലിസുകളിൽ, മൽഫൂദാത്തിലെല്ലാം വിശുദ്ധഖുർആനിന്റെ പ്രാധാന്യം വിവരിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളെ കുറിച്ച് പറഞ്ഞിട്ടുണ്ട്. ഒരു അഹ്മദിയിൽനിന്ന്, ബയ്അത്തുചെയ്ത ആളിൽനിന്ന് താൻ പ്രതീക്ഷിക്കുന്നതെന്താണെന്ന് വിശദീകരിച്ചിട്ടുണ്ട്. അതിനാൽ നമുക്കു നമ്മുടെ വീടുകളെ വിശുദ്ധഖുർആൻപാരായണംകൊണ്ട് ഒരുപാട് നിറയ്ക്കേണ്ട ആവശ്യമുണ്ട്. തിലാവത്തിനോടൊപ്പം അതിലെ കൽപനകൾ മനസ്സിലാകുന്നതിന് അതിന്റെ തർജമയും വായിക്കേണ്ടതുണ്ട്. അതിന്റെ തർജമയുടെ ചർച്ചകളും പരിശ്രമവുമുണ്ടാകണം. തിലാവത്തിന്റെ ശീലം മാത്രം ഉണ്ടാക്കിയാൽ പോര. പ്രത്യുത എങ്ങനെയുള്ള മജ്‌ലിസ്സുകൾ സംഘടിപ്പിക്കണമെന്നാൽ, അതിൽ കുട്ടികളിലും താൽപര്യമുണ്ടാകാൻ വിശുദ്ധഖുർആനിലെ ചെറിയ ചെറിയ കാര്യങ്ങളെടുത്ത് അവരുടെ മുമ്പിൽ വിവരിക്കണം. ഹദ്റത്ത് മസീഹ് മൗഊദ്ؑ നമസ്കാരത്തിന്റേയും ഖുർആനിന്റേയും തർജമകൾ മനസ്സിലാക്കേണ്ടതും പഠിപ്പിക്കേണ്ടതും വളരെ അത്യാവശ്യമായി പറഞ്ഞിരിക്കുന്നു. പക്ഷേ, തർജമകൾ മാത്രം വായിക്കുകയും മൂലഭാഷയായ അറബിവാക്യങ്ങൾ അല്ലെങ്കിൽ വചനങ്ങൾ വായിക്കേണ്ടെന്നും പറഞ്ഞില്ല. അവിടന്ന് പറഞ്ഞു:വിശുദ്ധഖുർആനിന്റെ തർജമമാത്രം വായിച്ചാൽ മതിയെന്ന് നാമൊരിക്കലും ഫത് വാ നല്കുന്നില്ല. അങ്ങനെയായാൽ വിശുദ്ധഖുർആനിന്റെ അത്ഭുത ദൃഷ്ടാന്തം വ്യർഥമായിപ്പോകും. തർജമ മാത്രം വായിച്ചാൽ മതിയെന്ന് ആരാണോ പറയുന്നത് അയാൾ വിശുദ്ധ ഖുർആൻ ലോകത്തുണ്ടാകരുതെന്ന് ആഗ്രഹിക്കുന്നവനാണ്.” *(മൽഫൂദാത്ത് വാള്യം 3, പേജ് 265, 2003 പതിപ്പ്, പ്രസാധനം റബ്‌വ)*

അതിനാൽ ഇതുതന്നെയാണ് വിശുദ്ധ ഖുർആനിന്റെ ദിവ്യാത്ഭുതം. അതു ഇന്നുവരെ അതിന്റെ യഥാർഥ അവസ്ഥയിൽ നിലകൊള്ളുന്നുവെന്നത് വളരെ വലിയ ദിവ്യാത്ഭുതമാണ്! അല്ലാഹുവിന്റെ വിളംബരമാണിത്. ***ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിളൂൻ*** സത്യമായും ഈ പ്രബോധനഗ്രന്ഥം ഇറക്കിയത് നാം തന്നെയാണ്. തീർച്ചയായും നാം തന്നെ അതിനെ സംരക്ഷിക്കുന്നതുമാണ്(15:10)

ഹദ്റത്ത് മസീഹ് മൗഊദ്ؑപറഞ്ഞതുപോലെ ഈ ദിവ്യാത്ഭുതം ഇതിന്റെ യഥാർഥമായ വാക്യങ്ങളിൽ ഇന്നുവരെ നിലനിന്നുവരുന്നു. വിശുദ്ധ ഖുർആൻ അതിന്റെ യഥാർഥമായ രൂപത്തിലും യഥാർഥമായ അവസ്ഥയിലും ഇന്നുവരെ സുരക്ഷിതമായി നിലകൊള്ളുന്നുവെന്ന് ഇസ്‌ലാമിന്റെ കഠിനശത്രുക്കൾപോലും സമ്മതിക്കാതിരിക്കുകയില്ല. തർജമമാത്രം അവലംബമാക്കാൻ തുടങ്ങിയാൽ, തർജമകൾ നമ്മൾ നോക്കാറുണ്ട്, അവ പരസ്പരം വളരെ വ്യത്യസ്തമായ രീതിയിൽ ചെയ്തിരിക്കുന്നതാണ് നമ്മൾ കാണുന്നത്. എന്നല്ല നമ്മൾ നമ്മുടെ തർജമ ലോകത്തിന്റെ മുമ്പിൽ വെക്കുമ്പോൾ അത് തികച്ചും വിഭിന്നമാണെന്ന് ആളുകൾ സമ്മതിക്കുന്നു. കാരണം മറ്റുള്ളവർ ശരിയായ തർജമയല്ല ചെയ്തിട്ടുള്ളത്. ഇസ് ലാമിന്റെ മേൽ ആക്ഷേപമുന്നയിക്കുന്ന അമേരിക്കയിലെ ഒരു വലിയ പാതിരി വിശുദ്ധ ഖുർആനിന്റെ ചില തർജമകളുടെമേൽ (തർജമമാത്രമാണ് അദ്ദേഹം എടുത്തത്, അറബിമൂലം അദ്ദേഹം എടുത്തതേയില്ല) ആക്ഷേപമുന്നയിച്ചു. അതായത് ഇസ്‌ലാം ഇങ്ങനെ പറയുന്നു, അങ്ങനെ പറയുന്നു, ഖുർആൻ ഇങ്ങനെ പറയുന്നുവെന്നൊക്കെ പറഞ്ഞ്! അദ്ദേഹത്തിന് നമ്മൾ നമ്മുടെ തർജമ കൊടുത്തയച്ചപ്പോൾ അതിനുള്ള മറുപടിയും അദ്ദേഹം നല്കി. ഒരുപാട് പിന്നാലെ കൂടിയതിനുശേഷമാണ് മറുപടി കിട്ടിയത്. ‘ഞാനെടുത്തിട്ടുള്ള തർജമകളും മുസ്‌ലിമീങ്ങൾ ചെയ്തതാണ്. അതും മുസ്‌ലിമീങ്ങൾത്തന്നെ എഴുതിയതാണ്.’ എന്നായിരുന്നു.’ എന്തായാലും ഹദ്റത്ത് മസീഹ് മൗഊദ്ؑതന്നെയാണ് അറബി വാക്യത്തിന് ഏറ്റവും അനുയോജ്യമായ നിലയിൽ തർജമ ചെയ്തിട്ടുള്ളത്. അതിന്റെ ശരിയായ അർഥവും ജ്ഞാനവും പഠിപ്പിച്ചത്. ഇവിടെ അനുബന്ധമായി ഇതും കൂടെ പറയട്ടെ, കഴിഞ്ഞദിവസം അഹ്മദിയ്യത്തിനെതിരിൽ ഏതോ ഒരു ആക്ഷേപകന്റെ ആക്ഷേപം കാണാനിടയായി. അതിൽ അയാൾ പറയുകയാണ്, മിർസാസാഹിബ് നബിയായിരുന്നെങ്കിൽ അദ്ദേഹം തന്റെ ജമാഅത്തിനോടു ഇമാം അബൂഹനീഫയെ പിൻപറ്റാൻ പറഞ്ഞതെന്തിനാണെന്ന്? ഇതിനുള്ള മറുപടി ഹദ്റത്ത് മസീഹ് മൗഊദ്ؑതന്നെ ഒരുപാടു സ്ഥലത്ത് നൽകിയിട്ടുണ്ട്. ഇമാം അബൂഹനീഫയെ(റഹ്) പിൻപറ്റുകയെന്ന് അദ്ദേഹം ഒരിടത്തും ഒരിക്കലും പറഞ്ഞിട്ടില്ല. പക്ഷേ, വിശുദ്ധ ഖുർആൻ ഉദ്ധരിച്ച് പറയുകയാണ്. ഇതൊരു ഉദ്ധരണിയാണ്. ആരോ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ മജ്‌ലിസിൽ പറഞ്ഞു: ‘ഹനഫീ മദ്ഹബിൽ തർജമ വായിച്ചാൽ മതിയെന്ന് പറയപ്പെട്ടിരിക്കുന്നു.’ ഇതുകേട്ടപ്പോൾ അവിടന്ന് പറഞ്ഞു:“ഇതാണ് അബൂഹനീഫയുടെ മതമെങ്കിൽ

## • ഹദീഥുന്നബ്‌വിﷺ •



**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**

**(ബുഖാരി 23:77)**

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP GOVT.H.S.S, OLAVANN, MOB-8845680091

## • അല്ലാഹുവിന്റെ കലാം •

**“തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?”**

**(വിശുദ്ധ ഖുർആൻ 54:18)**

ത്വാലിബെ ദുആ
**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

## • ഹദീഥുന്നബ്‌വിﷺ •

**‘ശുദ്ധി വിശ്വാസത്തിന്റെ നേർ പകുതിയാകുന്നു.’**

**(മുസ്‌ലിം. മിശ്ക്കത്ത് 3)**

ത്വാലിബെ ദുആ
**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

അതു തെറ്റാണ്."(മൽഫൂദാത്ത് വാല്യം 3, പേജ് 205, 2003 പതിപ്പ്, പ്രസാധനം റബ്‌വ)

അദ്ദേഹം പറഞ്ഞ ഇക്കാര്യം തെറ്റായിരുന്നു. അദ്ദേഹം ഇമാമാണെന്ന കാര്യത്തിൽ സംശയമില്ല. അദ്ദേഹം ഇസ്‌ലാമിന് ഒരുപാട് സേവനം ചെയ്തിട്ടുണ്ട്. ഒത്തിരി മസ്അലകൾ സമാഹരിച്ചിട്ടുണ്ട്. പക്ഷേ, അദ്ദേഹം ഇങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ, തർജമമാത്രം മതിയെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ അതു തെറ്റാണ്.

എന്തായാലും ഇക്കാലത്ത് അല്ലാഹു വിശുദ്ധ ഖുർആനിനെ യഥാർഥമായ നിലയിൽ സംരക്ഷിക്കുന്നതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചു. അവിടന്ന് തന്റെ ജമാഅത്തിനെ വിശുദ്ധ ഖുർആൻ മനസ്സിലാക്കാനും അതിനെ സ്നേഹിക്കാനും നിരവധി സ്ഥലങ്ങളിൽ ഉപദേശിച്ചു. അവിടന്ന് ഒരു സ്ഥലത്ത് പറയുന്നു:"വിശുദ്ധ ഖുർആൻ ദൈവിക നിയമവും മോക്ഷത്തിന്റെ വഴിയുമാണ്." *(മൽഫൂദാത്ത് വാല്യം 4, പേജ് 130, 2003 പതിപ്പ്, പ്രസാധനം റബ്‌വ)*

ഈ വാക്യത്തിന്റെ മുന്നിലും പിന്നിലും ഒരു വാദപ്രതിവാദത്തെ കുറിച്ച് പറയുന്നുണ്ട്. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈസാ നബിയുടെ മരണം വിശുദ്ധ ഖുർആനിൽനിന്ന് സ്ഥാപിക്കുന്നതിന് വിവരിച്ചതാണ്. പക്ഷേ, ഇതൊരു പൊതുവായ നിയമവുമാണ്. വിശുദ്ധ ഖുർആൻ ദൈവിക നിയമമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ മുക്തിയ്ക്കുള്ള മാർഗവുമാണ്. നമ്മൾ നോക്കുകയാണെങ്കിൽ ഭൗതികനിയമവും അത് നടപ്പിൽവരുത്താതെ, അതനുസരിച്ച് പ്രവർത്തിക്കാത്തിടത്തോളം വെറും നിയമമായി നില്ക്കുകയാണെങ്കിൽ, അതുകൊണ്ട് ഒരു പ്രയോജനവുമുണ്ടാകുകയില്ല. ഇപ്രകാരം വിശുദ്ധ ഖുർആനിന്റെ നിയമവും ഫലപ്രദമാകുന്നത്, മോക്ഷം നല്കുന്നതാകുന്നത്, അതനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ്. അതനുസരിച്ചുള്ള പ്രവർത്തനമുണ്ടാകുന്നില്ലെങ്കിൽ അത് മോക്ഷം നല്കുന്നതിനുള്ള മാർഗമാകുകയില്ല. പ്രവർത്തിക്കാതെ വെറും വായിക്കുന്നതുകൊണ്ട് മോക്ഷമുണ്ടാകുകയില്ല. അല്ലാഹുവിന്റെ തൃപ്തികരസ്ഥമാകുകയില്ല. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കും പാരിതോഷികങ്ങൾക്കും നമ്മൾ അനന്തരാവകാശികളാകുകയുമില്ല. അതുകൊണ്ട് വിശുദ്ധഖുർആനിന്റെ പാഠങ്ങൾ മനസ്സിലാക്കുകയും അതനുസ രിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടത് വളരെ നിർബന്ധമാണ്.

അവിടന്ന്(അ)ഒരിടത്തു പറയുന്നു: "ഓർക്കുക!വിശുദ്ധ ഖുർആൻ യഥാർഥ അനുഗ്രഹങ്ങളുടെ ഉറവിടമാണ്. മോക്ഷത്തിനുള്ള മാർഗമാണ്. തെറ്റ് വിശുദ്ധ ഖുർആനനുസരിച്ച് പ്രവർത്തിക്കാത്തവരുടേതു തന്നെയാണ്. പ്രവർത്തിക്കാത്തവരിൽ ഒരു സംഘം അതിൽ വിശ്വാസംതന്നെ ഇല്ലാത്തവരാണ്. അവർ അതിനെ അല്ലാഹുവിന്റെ ഗ്രന്ഥമാണെന്നുതന്നെ മനസ്സിലാക്കുന്നില്ല. ഇക്കൂട്ടർ വളരെ ദൂരത്തുപോയി കിടക്കുന്നവരാണ്. എന്നാൽ, അല്ലാഹുവിന്റെ ഗ്രന്ഥമാണെന്നും മോക്ഷത്തിനുള്ള രോഗശമനം പ്രദാനം ചെയ്യുന്ന കുറിപ്പടിയാണെന്നും വിശ്വസിക്കുന്നവർ ഇതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ എത്രമാത്രം വിഷമകരമായ കാര്യമാണ്. അവരിലധികം പേരും ജീവിതത്തിൽ ഒരു പ്രാവശ്യംപോലും അത് വായിക്കാത്തവരാണ്. അല്ലാഹുവിന്റെ ഗ്രന്ഥത്തെ അശ്രദ്ധരും ഗൗനിക്കാത്തവരുമായി കഴിയുന്ന അത്തരം മനുഷ്യരുടെ ഉദാഹരണം ഇങ്ങനെയാണ്. ഇന്ന തടാകത്തിൽ ശുദ്ധവും മധുരമുള്ളതും ഒരു പാടു രോഗങ്ങൾക്ക് ശമനൗഷധവുമായ ജലമുണ്ടെന്ന് ഒരാൾക്കറിയാം. അയാൾക്കതിൽ ഉറച്ച വിശ്വാസമുണ്ട്. ഈ അറിവുണ്ടായിട്ടും അങ്ങേയറ്റം ദാഹമുള്ളവനും ഒരുപാടു രോഗങ്ങൾക്കടിപ്പെട്ടിരിക്കുന്നവനുമായ അയാൾ അതിനടുത്തുപോലും പോകുന്നില്ല. ആ മനുഷ്യന്റെ എത്രമാത്രം വലിയ ദൗർഭാഗ്യമാണത്. അജ്ഞതയാണത്. അയാൾ ചെയ്യേണ്ടിയിരുന്നത് ആ അരുവിയിൽ വായ മുട്ടിച്ച് വയറുനിറയെ കുടിച്ച് അതിന്റെ രുചിയും മധുരവും അറിയുകയായിരുന്നു. എന്നാൽ, അറിവുണ്ടായിട്ടും അറിവില്ലാത്തവനായി അതിൽനിന്ന് അകന്നിരിക്കുന്നു!"*(മൽഫൂദാത്ത് വാല്യം 4, പേജ് 140, 2003 പതിപ്പ്, പ്രസാധനം റബ്‌വ)*

അല്ലാഹു നമുക്ക് ഈ സന്ദേശത്തെ, വേദനനിറഞ്ഞ ഈ വാക്കുകളെ മനസ്സിലാക്കിക്കൊണ്ട്; വിശുദ്ധഖുർആനിന്റെ അധ്യാപനങ്ങളനുസരിച്ച് കർമങ്ങൾ ചെയ്യാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. അത് മനസ്സിലാക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. നമ്മുടെ ബയ്അത്തിനോടുള്ള കടമ യഥാർഥമായ രൂപത്തിൽ നിർവഹിക്കപ്പെടുന്നത് നമ്മൾ വിശുദ്ധഖുർആനിന്റെ അധ്യാപനം നമ്മുടെമേൽ നടപ്പിൽ വരുത്തുമ്പോഴാണ്. വിശുദ്ധഖുർആനിൽ വിവരിക്കപ്പെട്ട എല്ലാ ഓരോ തിന്മയേയും വർജിക്കുകയും അതിൽ വിവരിക്കപ്പെട്ട എല്ലാ നന്മയേയും സ്വായത്തമാക്കുകയും ചെയ്യുക. അത് സ്വായത്തമാക്കാൻ പൂർണമായും പരിശ്രമിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"വിശുദ്ധഖുർആൻ ആഗ്രഹിക്കുന്നത് മനുഷ്യൻ ദോഷങ്ങൾ വർജിച്ചുകൊണ്ട് താനിപ്പോൾ ശ്രേഷ്ഠനാണെന്ന് മനസ്സിലാക്കാനല്ല. പ്രത്യുത അവൻ മനുഷ്യനെ ഉന്നത പദവിയിലുള്ള ശ്രേഷ്ഠതകളും ഉൽകൃഷ്ട സ്വഭാവങ്ങളുംകൊണ്ട് അലങ്കരിക്കാനാഗ്രഹിക്കുന്നു. അവനിൽനിന്ന് എങ്ങനെയുള്ള പ്രവർത്തനങ്ങളും കർമങ്ങളുമുണ്ടാകണമെന്നാൽ, അത് മനുഷ്യകുലത്തിന്റെ നന്മയിലും സഹതാപത്തിലുമധിഷ്ഠിതമായിരിക്കണം. അതിന്റെ ഫലമായി അല്ലാഹു അവനെ തൃപ്തിപ്പെടണം. *(മൽഫൂദാത്ത് വാല്യം 4, പേജ് 206, 2003 പതിപ്പ്, പ്രസാധനം റബ്‌വ)*

അതുകൊണ്ട് ഒരു സത്യവിശ്വാസിക്ക് വിശുദ്ധഖുർആനോട് യഥാർഥ സ്നേഹമുണ്ടാകുമ്പോൾ അവൻ ഈ നിലവാരത്തിലെത്താൻ സ്വയം പരിശ്രമിക്കുന്നതായിരിക്കും. പരിശ്രമിക്കുകയും ചെയ്യുന്നു. തങ്ങളുടെ കുട്ടികളേയും അവിടംവരെ എത്തിക്കാൻ പരിശ്രമിക്കുന്നതായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, ദോഷത്തിൽനിന്നും തിന്മയിൽനിന്നും അകന്നുനില്ക്കുന്നത് ഒരു ശ്രേഷ്ഠതയൊന്നുമല്ല. ഏതെങ്കിലും തിന്മ ചെയ്യാതിരിക്കുക, ഏതെങ്കിലും ദോഷം ചെയ്യാതിരിക്കുക. ഇതു വലിയ ശ്രേഷ്ഠകരമായ കാര്യമൊന്നുമല്ല. ഇതായിരിക്കരുത് നമ്മുടെ അടിസ്ഥാന ലക്ഷ്യം. പ്രത്യുത, നമുക്ക് നമ്മുടെ ടാർഗറ്റ് വലുതാക്കിവെക്കേണ്ടതാണ്. അത് കരസ്ഥമാക്കാൻ പരിശ്രമിക്കേണ്ടതാണ്; വിശുദ്ധഖുർആനിൽ വിവരിക്കപ്പെട്ട എല്ലാ തരത്തിലുള്ള നന്മയേയും നമ്മുടെമേൽ നടപ്പിൽ വരുത്താൻ ശ്രമിക്കേണ്ടതാണ്. ഈ പരിശ്രമം എല്ലാ പുരുഷനിലും സ്ത്രീയിലും കുട്ടികളിലും ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾ ഒരു പരിശുദ്ധ സമൂഹത്തിന്റെ സ്ഥാപനമുണ്ടാകുകയായിരിക്കും ചെയ്യുന്നത്. ഇസ്‌ലാം സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന സമൂഹം നിലവിൽവരുന്നതായിരിക്കും. വർത്തമാനകാലത്ത് ഇസ്‌ലാമിന്റെമേൽ, ഖുർആനിന്റെമേൽ ആക്ഷേപം ഉന്നയിക്കുന്നവരെ അത് നിരുദ്ധകണ്ഠരാക്കുകയും ചെയ്യും.

ഇവിടെ ഇസ്‌ലാമിക നിയമങ്ങളുടെമേൽ ആക്ഷേപം ഉന്നയിക്കുന്നവരിൽ അതിരുകടക്കുന്ന സ്ത്രീകൾക്ക് വലിയ പ്രസിദ്ധിയാണുള്ളത്. വിവിധ സ്ഥലങ്ങളിൽ അവർ പ്രഭാഷണങ്ങൾ തുടങ്ങിയവ കൊടുത്തുകൊണ്ടിരിക്കുന്നു. ഖുദ്ദാമുൽ അഹ്മദിയ്യ യൂ.കെയുടെ പരിശ്രമത്താൽ യു.സി.എല്ലിൽ ഒരു സംവാദമുണ്ടായി. അവരുമായി ഒരു ഡിബേറ്റിന്റെ രൂപമുണ്ടായി. അത് യൂണിവേഴ്സിറ്റിയിലെ അധികൃതർ സംഘടിപ്പിച്ചതാണ്. അതിൽ ഈ രണ്ട് സ്ത്രീകൾ അവരുടെ പ്രവർത്തനമെന്നപോലെ തങ്ങളുടേതായ രീതിയിൽ ഇസ്‌ലാമിനുമേൽ ആക്ഷേപങ്ങളുടെ കൂമ്പാരം ചൊരിഞ്ഞു. പക്ഷേ, നമ്മുടെ ഖുദ്ദാം, അവരിലൊരാൾ ഒരു പാക്കിസ്താനിയും ഒറിജിയോണിൽ നിന്നുള്ളയാളുമാണ്. ഇവിടെ നമ്മുടെ യൂ.കെയിലെ ജാമിആയിൽ പഠിക്കുന്നു. രണ്ടാമത്തെയാൾ ഇംഗ്ലീഷുകാരനായ അഹ്മദിയാണ്. ഇവരിരുവരും വിശുദ്ധ ഖുർആനിൽ നിന്നും ഇസ്‌ലാമികാധ്യാപനങ്ങളിൽനിന്നും തെളിവുകളുദ്ധരി

**• അല്ലാഹുവിന്റെ കലാം •**

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."**
**(വിശുദ്ധ ഖുർആൻ 51:57)**

ത്വാലിബെ ദുആ **Late DILSAD ABDULLATHEEF AND FAMILY KALLIKOTE**
PATHAPPIRIYAM, MALAPURAM

**• അല്ലാഹുവിന്റെ കലാം •**

**എനിക്ക് ആഹാരവും പാനീയവും നല്കുന്നവനാണ് അവൻ (അല്ലാഹു). ഞാൻ രോഗിയായാൽ എനിക്കവൻ ശമനം നല്കുന്നു (26:80-81)**



ത്വാലിബെ ദുആ **DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD**
VAYANASHALA, PATHAPPIRIYAM, KERALA

ച്ചുകൊണ്ട് അവർക്കെങ്ങനെയുള്ള വായടപ്പൻ മറുപടി നല്കിയെന്നാൽ, ഇസ്‌ലാമിന്റെ യഥാർഥമായ അധ്യാപനത്തിന്റെ വെളിച്ചത്തിൽ നല്കിയെന്നാൽ അവർ ദേഷ്യംകൊണ്ട് വളരെ അസ്വസ്ഥരായിക്കൊണ്ടിരുന്നു. എന്നല്ല അവരുടെ സഹായികളും അവരുടെ ഈ പരിതാപകരമായ അവസ്ഥയിൽ, അവർ ഏതുപോലെയാണോ ആക്ഷേപിച്ചുകൊണ്ടിരുന്നത് അതേപോലെ ഉത്സാഹത്തോടെ ഖേദം പ്രകടിപ്പിച്ചു. ഇങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദി യുവാക്കൾ മുഖേന ഇസ്‌ലാമികാധ്യാപനത്തിന് വിജയമുണ്ടായി.

അതുകൊണ്ട് നമ്മൾ വിശുദ്ധ ഖുർആൻ മനസ്സിലാക്കുന്നതിന് ഒരുപാടൊരുപാട് പരിശ്രമിക്കേണ്ടതാണ്. അതനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കേണ്ടതാണ്. അപ്പോഴാണ് നമ്മുടെ വീടും സ്വർഗംപോലെ ആകുന്നത്. നമ്മുടെ സമൂഹത്തിലും ചുറ്റുപാടിലും നമ്മൾ തബ്‌ലീഗിനോടുള്ള കടമ നിറവേറ്റുന്നവരായിത്തീരുക.

വിശുദ്ധ ഖുർആന്റെ തിലാവത്ത് ചെയ്യേണ്ടരീതി പഠിപ്പിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്عليه السلام പറയുന്നു. "വിശുദ്ധഖുർആൻ ചിന്തിച്ചും ആലോചിച്ചും ശ്രദ്ധിച്ചും പാരായണം ചെയ്യേണ്ടതാണ്. ഹദീഥിൽ വന്നിരിക്കുന്നു. ***റുബ്ബഖാരിൻ യൽഅൻഹുൽ ഖുർആൻ.*** അതായത് വിശുദ്ധ ഖുർആനിന്റെ ധാരാളം ഖാരികളുണ്ട്. അവരുടേമേൽ വിശുദ്ധ ഖുർആൻ ശാപം ചൊരിയുന്നു. ആരാണോ വിശുദ്ധഖുർആൻ വായിക്കുകയും അതനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നത് അവനിൽ വിശുദ്ധ ഖുർആൻ ശാപം ചൊരിയുന്നു. തിലാവത്ത് ചെയ്യുന്ന നേരത്ത്, റഹ്മത്തിനെ പ്രതിപാദിക്കുന്ന ആയത്ത് വരുമ്പോൾ അവിടെ അല്ലാഹുവിനോട് റഹ്മത്ത് ചോദിക്കേണ്ടതാണ്. എവിടെയാണോ ഏതെങ്കിലും ജനതയ്ക്കുണ്ടായ ശിക്ഷയെ കുറിച്ച് പ്രതിപാദിക്കുന്നത് അവിടെ അല്ലാഹുവിനോട് അഭയം തേടേണ്ടതാണ്. ചിന്തിച്ചും ശ്രദ്ധയോടെയും പാരായണം ചെയ്യേണ്ടതാണ്. അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക. *(മൽഫൂദാത്ത്, വാല്യം 5, പേജ് 15, 2003 പതിപ്പ്, പ്രസാധനം റബ്‌വ)*

ഈ സാഹചര്യമുണ്ടാകുന്നത് അതിന്റെ പ്രധാന്യത്തെക്കുറിച്ച് ഒരു ധാരണ ഉണ്ടാകുമ്പോഴാണ്. അതുമായി പ്രത്യേക ബന്ധമുണ്ടാകുമ്പോഴാണ്. അതുകൊണ്ട് ഈ പ്രാധാന്യവും പ്രത്യേക ബന്ധവും നമ്മൾ നമ്മുടെ മനസ്സുകളിൽ വിശുദ്ധഖുർആനുവേണ്ടി ഉണ്ടാക്കേണ്ടതാണ്. ചിലർ വിശുദ്ധ ഖുർആൻ മനസ്സിലാക്കുക വളരെ പ്രയാസമാണെന്ന ഒഴിവുകഴിവ് പറയാറുണ്ട്. അതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്عليه السلام പറയുന്നു: അജ്ഞരായ ചിലർ പറയാറുണ്ട്, ഖുർആനിനെ തങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നില്ലെന്ന്. പ്രയാസമായതുകൊണ്ട് അതിൽ ശ്രദ്ധിക്കേണ്ടതില്ലെന്ന്. ഇതവരുടെ തെറ്റാണ്. വിശുദ്ധഖുർആൻ വിശ്വാസപരമായ പ്രശ്നങ്ങളെ എത്രമാത്രം വ്യക്തതയോടുകൂടി മനസ്സിലാക്കിത്തന്നിരിക്കുന്നുവെന്നാൽ അത് അതുല്യവും അനുപമവുമാണ്. അതിന്റെ തെളിവുകൾ മനസ്സുകളെ സ്വാധീനിക്കുന്നു. ഈ ഖുർആൻ എത്രമാത്രം വാഗ്‌വൈഭവമുള്ളതും സാഹിത്യസമ്പുഷ്ടവുമാണെന്നാൽ തികച്ചും നിരക്ഷരരായിരുന്ന അറേബ്യയിലെ കാട്ടുവാസികൾക്ക് അത് മനസ്സിലായി. അപ്പോൾ പിന്നെ അത് നിങ്ങൾക്കെന്തുകൊണ്ട് മനസ്സിലാകുകയില്ല." *(മൽഫൂദാത്ത്, വാല്യം 5, പേജ് 177, 2003 പതിപ്പ്, പ്രസാധനം റബ്‌വ)*

ഇക്കാലത്ത് അല്ലാഹുവിന്റെ വലിയ ഔദാര്യമാണ് നമ്മളിലുള്ളത്. അല്ലാഹു നമ്മളിൽ ഔദാര്യം ചെയ്തുകൊണ്ട് ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്عليه السلامനെ അയച്ചു. അദ്ദേഹം നമുക്ക് ബാഹ്യമായ കല്പനകൾ മാത്രമല്ല പറഞ്ഞുതന്നത്, പ്രത്യുത വിശുദ്ധഖുർആനിന്റെ അഗാധമായ യാഥാർഥ്യങ്ങളും ജ്ഞാനങ്ങളും തുറന്നു വിശദീകരിച്ചുതന്നു. ***വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം*** (62:4)ന്റെ വെളിച്ചം നമുക്കെത്തിച്ചു. അതുകൊണ്ട് ഈ ഖജനാവിൽനിന്ന് നമ്മൾ മുത്തുകൾ ശേഖരിക്കാൻ ശ്രമിക്കേണ്ടതാണ്; ഹദ്റത്ത് മസീഹ് മൗഊദ്عليه السلام അത് നമുക്ക് നല്കി. നമ്മൾ അതിനോട് യഥാർഥമായ സ്നേഹമുള്ളവരാകാത്തിടത്തോളം അത് നടക്കുകയില്ല. ജമാഅത്തിനു വെളിയിലുള്ള മുസ്‌ലിമീങ്ങളിൽ ലോകത്ത് നല്ലവണ്ണം ഖിർഅത്ത് ചെയ്യുന്നവരുണ്ട്. സമ്മാനങ്ങൾ അവർ കരസ്ഥമാക്കുന്നു. അവരുടെ വലിയ വലിയ റെക്കോർഡിംഗിന്റെ കാസറ്റുകൾ ലോകത്തുണ്ട്. പക്ഷേ, ഇങ്ങനെയൊക്കെ ആയിട്ടും നല്ലവണ്ണം പാരായണം ചെയ്യുന്നവരിൽ അതിന്റെ അർഥവും ഉദ്ദേശ്യവും അറിയാത്തവരുമുണ്ട്. എന്നല്ല വലിയ വലിയ ഉലമാഇനും അറിയുകയില്ല. അതുകൊണ്ടാണല്ലോ ഇസ്‌ലാമിൽ ദീർഘകാലം നാസിഖ് മൻസൂഖിന്റെ ഒരു പ്രശ്നം നടന്നുകൊണ്ടിരുന്നത്. ഇപ്പോഴും ചില ആയത്തുകൾ അവർക്ക് മനസ്സിലാകുന്നില്ല. അതിലൊന്ന് ഈസാعليه السلامയുടെ മരണത്തെ കുറിച്ചുള്ള പ്രശ്നവുമാണ്. എന്തായാലും ഇത് അവരുടെ യഥാർഥമായ കാര്യങ്ങളിലും ഉദ്ദേശ്യങ്ങൾ മനസ്സിലാക്കുന്നതിലുമുള്ള അജ്ഞതയാണ്. ഇതുസംബന്ധമായി വലിയ മുന്നറിയിപ്പ് നല്കുന്ന ഒരു ഹദീഥുണ്ട്. ഹദ്റത്ത് അബ്ബാസ് ബിൻ അബ്ദുൽ മുത്ത്വലിബ്رضي الله عنهനിവേദനം. അദ്ദേഹം പറഞ്ഞു: ഞാൻ നബിﷺതിരുമേനി ഇങ്ങനെ പറയുന്നതുകേട്ടു. 'ഒരുകാലം വരാൻ പോകുന്നു. വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നവരിൽ തങ്ങളേക്കാൾ വലിയ ഖാരി ആരാണുള്ളതെന്ന് വീമ്പു പറയുന്ന ചിലയാളുകളുണ്ടാകും. തങ്ങളേക്കാൾ വലിയ ആലിമാരാണെന്നും! പിന്നീട് അവിടന്ന് സ്വഹാബത്തിനോടു ചോദിച്ചു. അത്തരക്കാരിൽ എന്തെങ്കിലും നന്മയുള്ളതായി നിങ്ങൾക്ക് കാണാൻ കഴിയുന്നുണ്ടോ? സ്വഹാബത്ത് പറഞ്ഞു. ഒരിക്കലുമില്ല. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: ഈയാളുകൾ നിങ്ങളിൽനിന്നുള്ളവരും ഈ ഉമ്മത്തിൽനിന്നുള്ളവരും തന്നെയായിരിക്കും. പക്ഷേ, അവർ നരകത്തിന്റെ അഗ്നിയുടെ ഇന്ധനമായിരിക്കും." *(മജ്മഉസ്സവാഇദ് വ മൻബഉൽ ഫവാഇദ്, കിതാബുൽ ഇൽമ്, ബാബു കറാഹിയ്യത്തുദ്ദഅ്‌വാ, ഹദീഥ് 876, വാല്യം 1, പേജ് 251–252, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2001, മുസ്നദ് അൽബസാർ, മുസ്നദ് അൽഅബ്ബാസ്ബിൻ അബ്ദുൽ മുത്വലിബ്, വാല്യം 2, പേജ് 218)*

അതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അനന്തരാവകാശികളാക്കുന്നതും അല്ലാഹുവിന്റെ സാമീപ്യം പ്രദാനം ചെയ്യുന്നതും നരകത്തിന്റെ അഗ്നിയിൽനിന്ന് രക്ഷിക്കുന്നതുമായ യഥാർഥ കാര്യം വിനയത്തോടെ വിശുദ്ധ ഖുർആനിന്റെ അധ്യാപനം മനസ്സിലാക്കി പ്രവർത്തിക്കലാണ്. അതിനെ തൊഴിലാക്കാൻ പാടില്ല. പ്രത്യുത അതിനെ സ്നേഹിക്കണം. ഇന്ന് അഹ്മദികളായ നമ്മുടെ ഓരോരുത്തരുടേയും നിർബന്ധകടമയാണ്. അതിൽ ശ്രദ്ധിക്കുക. അത് കരസ്ഥമാക്കാൻ പരിശ്രമിക്കുക. (തുടരും)


**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച്
താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ്
സന്ദർശിക്കൂ...

**The Weekly BADR Qadian**
**(Malayalam)**


ഹദീഥുന്നബവിﷺ

"എനിക്കുമുമ്പേ ആർക്കും അനുവദിക്കപ്പെടാത്ത 5 കാര്യങ്ങൾ എനിക്ക് അനുവദിച്ചിരിക്കുന്നു.....എനിക്കുവേണ്ടി ഭൂമി ഒരു മസ്ജിദായിട്ടും ശുദ്ധീകരണത്തിനുള്ള ഒരു മാർഗമായിട്ടും ആക്കിയിരിക്കുന്നു(ബു. 7:1)."


TIMBELLA
BEAUTY FROM TIMBER
—NILAMBUR—

SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES

ത്വാലിബെ ദുആ

BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638


അല്ലാഹുവിന്റെ കലാം

"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."
(വിശുദ്ധ ഖുർആൻ 51:57)


tectona
feel more confidence



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ

Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin
Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 13 November 2025 Issue-46

MANAGER
SHAIKH MUJAHID AHMAD
Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# കുട്ടികളും നിത്യേനയുള്ള ഖുർആൻ പാരായണവും മാതാപിതാക്കളുടെ ചുമതലയും

## ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

**കുട്ടികളിൽ വിശുദ്ധ ഖുർആനോടുള്ള സ്നേഹമുണ്ടാകുന്നത് മാതാപിതാക്കൾ വിശുദ്ധഖുർആൻ പാരായണം ചെയ്യുകയും അതിൽ ചിന്തിക്കുകയും ആലോചിക്കുകയും ചെയ്യുന്ന ശീലമുണ്ടാക്കുമ്പോഴാണ്. അത് പാരായണം ചെയ്യുന്നതിൽ കൂടുതൽ ശ്രദ്ധചെലുത്തുമ്പോഴാണ്.**
**വിശുദ്ധഖുർആനോടുള്ള യഥാർഥ ആദരവെന്നത്, അതിനോടുള്ള സ്നേഹമെന്നു പറയുന്നത് അതിന്റെ കൽപനയനുസരിച്ച് കർമങ്ങൾ ചെയ്യാൻ പിരപൂർണമായും പരിശ്രമിക്കുക എന്നതാണ്.**
**വിശുദ്ധ ഖുർആനിന്റെ നിയമവും ഫലപ്രദമാകുന്നത്, മോക്ഷം നല്കുന്നതാകുന്നത്, അതനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ്. അതനുസരിച്ചുള്ള പ്രവർത്തനമുണ്ടാകുന്നില്ലെങ്കിൽ അത് മോക്ഷം നല്കുന്നതിനുള്ള മാർഗമാകുകയില്ല. പ്രവർത്തിക്കാതെ വെറും വായിക്കുന്നതുകൊണ്ട് മോക്ഷമുണ്ടാകുകയില്ല.**
**അതുകൊണ്ട് നമ്മൾ വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിന് ഒരുപാടൊരുപാട് പരിശ്രമിക്കേണ്ടതാണ്. അതനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കേണ്ടതാണ്. അപ്പോഴാണ് നമ്മുടെ വീടും സ്വർഗംപോലെ ആകുന്നത്. നമ്മുടെ സമൂഹത്തിലും ചുറ്റുപാടിലും നമ്മൾ തബ്‌ലീഗിനോടുള്ള കടമ നിറവേറ്റുന്നവരായിത്തീരുക.**
*വിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ട എല്ലാതരത്തിലുള്ള നന്മകളേയും നമ്മുടെമേൽ നടപ്പിൽവരുത്താൻ ശ്രമിക്കുക.*
*(ബദ്ർ പത്രത്തിന്റെ "ഖുർആൻ സ്പെഷ്യൽ" എന്ന പ്രത്യേക ലക്കത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 2011 ഡിസംബർ 16 ന് ചെയ്ത ജുമുഅ ഖുത്വ്ബയിൽനിന്നുള്ള ഒരുഭാഗം അനുവാചകർക്കുവേണ്ടി പ്രസിദ്ധീകരിക്കുകയാണ്).*

നമ്മുടെ കുട്ടികൾ പൊതുവെ മാശാഅല്ലാഹ് വളരെ ചെറിയ പ്രായത്തിൽത്തന്നെ ഖുർആൻ ഖത്തം ചെയ്യുന്നു. തങ്ങളുടെ കുട്ടികൾ എത്രയും വേഗം വിശുദ്ധ ഖുർആൻ ഖത്തം ചെയ്യണമെന്നത് മാതാക്കൾക്ക് എപ്പോഴുമുള്ള ചിന്തയാണ്. അവർ അതിനുവേണ്ടി കഠിനാധ്വാനം ചെയ്യുന്നു. ഇവിടേയും വിവിധ രാജ്യങ്ങളിലും ഞാൻ പോകുമ്പോൾ അവിടേയും കുട്ടികൾക്കും മാതാപിതാക്കൾക്കും എന്റെ മുമ്പിൽ കുട്ടികളെക്കൊണ്ട് വിശുദ്ധഖുർആൻ ഓതിച്ചിട്ട് അവരുടെ ആമീൻ പരിപാടി നടത്തണമെന്ന് താൽപര്യമുണ്ടാകുന്നു. പക്ഷേ, എനിക്കു കാണാൻ കഴിഞ്ഞത് ഒരിക്കൽ വിശുദ്ധ ഖുർആൻ ഓതിത്തീർത്തതിനുശേഷം പിന്നീട് അതിന്റെ ആവർത്തനവും, കുട്ടികളെ സ്ഥിരമായി ഖുർആൻ ഓതിക്കുന്ന ശീലവും ഉണ്ടാക്കുന്നതിന് പൊതുവെ ആദ്യത്തെ പ്രാവശ്യം ഓതിത്തീർക്കുന്നതിനു കാണിച്ച താൽപര്യവും ആവേശവും രണ്ടാം പ്രാവശ്യം കാണിക്കുന്നില്ലെന്നതാണ്. കാരണം വിശുദ്ധ ഖുർആൻ നിത്യവും പാരായണം ചെയ്യാറുണ്ടോ എന്ന് ഞാൻ അവരോടു ചോദിക്കുമ്പോൾ(ചിലർ ഓതുന്നത് കേൾക്കുമ്പോൾത്തന്നെ അതറിയാൻ കഴിയുന്നു)പൊതുവെ തിലാവത്ത് ചെയ്യുന്നതിൽ കൃത്യനിഷ്ഠയില്ലെന്ന് അറിയാൻ കഴിയുന്നുണ്ട്. വാസ്തവത്തിൽ കുട്ടികൾ ഖത്തം ചെയ്തു കഴിഞ്ഞാൽ അവർ പതിവായി ഓതാറുണ്ടോ എന്ന് മാതാപിതാക്കൾ നോക്കേണ്ടതാണ്. അവർ അത് ശീലമാക്കേണ്ടതാണ്. അതുകൊണ്ട് നിങ്ങളുടെ ചിന്ത ആദ്യത്തെ പ്രാവശ്യം കുട്ടി ഖുർആൻ ഓതിത്തീർക്കണമെന്നതിൽ മാത്രമാകരുത്. അവിടെ പരിമിതമാക്കരുത്. പ്രത്യുത തുടർന്നും സ്ഥിരമായനിലയിൽ അത് നോക്കേണ്ട ആവശ്യമുണ്ട്. തീർച്ചയായും ആദ്യതവണ വിശുദ്ധ ഖുർആൻ പഠിപ്പിക്കുക എന്നതും ഖത്തം ചെയ്യിക്കുക എന്നതും വളരെ ശ്രമകരമായ ജോലിയാണ്. പക്ഷേ, ഞാൻ പറഞ്ഞതുപോലെ സ്ഥായിയായ നിലയിൽ അതു തുടർന്നുകൊണ്ടുപോകുക എന്നതും അതിനെക്കാളേറെ നിർബന്ധമാണ്. കഴിഞ്ഞ ദിവസം ഒരു സ്ത്രീയുടെ കത്ത് എനിക്കുകിട്ടി. അതിൽ എന്റെ മാതാവിനെ കുറിച്ചാണ് അവർ പറഞ്ഞിരുന്നത്. അതിലെഴുതിയിരിക്കുന്നത്, ഇന്നും താൻ അവരോടു നന്ദിയുള്ളവളാണെന്നാണ്. അവരെഴുതി: ഒരു പ്രാവശ്യം ഞാനെന്റെ മകളേയോ മകനേയോ കൂട്ടി അവരുടെയടുക്കൽ പോയി. അവൾ വിശുദ്ധ ഖുർആൻ ഖത്തം ചെയ്തിരുന്നു. ഞാൻ വളരെ അഭിമാനത്തോടെ അവരോടു പറഞ്ഞു: ഈ മകൾ 6-ാം വയസ്സിൽ വിശുദ്ധ ഖുർആൻ ഖത്തം ചെയ്തു. അപ്പോൾ അവർ പറഞ്ഞു: '6-ാം വയസ്സിലോ 5-ാം വയസ്സിലോ ഖുർആൻ ഖത്തം ചെയ്യുക എന്നത് അത്ര ശ്രേഷ്ഠമായ കാര്യമൊന്നുമല്ല. നിങ്ങളുടെ കുട്ടികളുടെ മനസ്സിൽ വിശുദ്ധ ഖുർആനോടുള്ള സ്നേഹം എത്രമാത്രമുണ്ടാക്കിയെന്ന് നിങ്ങളെനിക്ക് പറഞ്ഞു തരിക.' യാഥാർഥ്യം ഇതുതന്നെയാണ്. വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നതിനോടൊപ്പം അതിനോടുള്ള സ്നേഹവുമുണ്ടാക്കേണ്ടതും നിർബന്ധമാണ്. അപ്പോഴാണ് കുട്ടികൾക്ക് സ്വയം പാരായണം ചെയ്യാനുള്ള താൽപര്യമുണ്ടാകുന്നത്. നമ്മൾ ഏതു കാലഘട്ടത്തിലൂടെയാണോ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത് ഇക്കാലത്ത് ഇവിടെ കുട്ടികൾക്ക് ഏറെ താൽപര്യമുള്ള കാര്യങ്ങൾ സുലഭമാണ്. ടി.വി.യുണ്ട്, ഇന്റർനെറ്റുണ്ട്, മറ്റുഗ്രന്ഥങ്ങളുമുണ്ട്. കുട്ടി രാവിലെ പതിവായി എഴുന്നേൽക്കാനും തിലാവത്തു ചെയ്യാനും പഠിക്കാനും തുടങ്ങിയാൽ അവന് വിശുദ്ധ ഖുർആനിന്റെ പ്രാധാന്യത്തിന്റെ ബോധമുണ്ടാകുന്നതായിരിക്കും.ഹദ്റത്ത് മസീഹ് മൗഊദും عليه السلام ഇക്കാര്യത്തിൽ ശ്രദ്ധക്ഷണിക്കുകയുണ്ടായി. കുട്ടികൾക്ക് താൽപര്യമുള്ള ഒരുപാട് കാര്യങ്ങൾ സുലഭമായിരിക്കുന്ന ഇക്കാലത്ത്, താൽപര്യമുള്ള ഒരുപാട് പുസ്തകങ്ങളുണ്ട്, വിവിധ തരത്തിലുള്ള അറിവുകൾ പ്രകടമായിക്കൊണ്ടിരിക്കുന്നു, ഇങ്ങനെയുള്ള ഇക്കാലത്ത് വിശുദ്ധഖുർആനിന്റെ പ്രാധാന്യം വർധിക്കുകയാണ്. നമ്മൾ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. അതുകൊണ്ട് ഇതു പഠിക്കുന്നതിൽ കൂടുതൽ ശ്രദ്ധചെലുത്തേണ്ട ആവശ്യമുണ്ട്. കുട്ടികളിൽ വിശുദ്ധഖുർആനോടുള്ള സ്നേഹമുണ്ടാകുന്നത് മാതാപിതാക്കൾ വിശുദ്ധഖുർആൻ പാരായണം ചെയ്യുകയും അതിൽ ചിന്തിക്കുയും ആലോചിക്കുകയും ചെയ്യുന്ന ശീലമുണ്ടാക്കുമ്പോഴാണ്. അത് പാരായണം ചെയ്യുന്നതിൽ കൂടുതൽ ശ്രദ്ധിക്കുമ്പോഴാണ്. സകല വീടുകളിൽനിന്നും സ്വുബ്ഹി നമസ്കാരത്തിനുശേഷം അല്ലെങ്കിൽ -ഈയിടെ തണുപ്പുകാലമായതിനാൽ നമസ്കാരം താമസിച്ചാണ് നമസ്കരിക്കുന്നത്, ആർക്കെങ്കിലും ജോലിക്ക് പെട്ടെന്ന് പോകണമെങ്കിൽ- നമസ്കാരത്തിനുമുമ്പേ പതിവായി തിലാവത്ത് ചെയ്തിട്ട് പോകുകയാണെങ്കിൽ ആ വീട് വിശുദ്ധഖുർആൻ കാരണത്താൽ ബർക്കത്തുകൾകൊണ്ടു നിറയുന്നതായിരിക്കും. കുട്ടികൾക്കും ഇക്കാര്യത്തിൽ ശ്രദ്ധയുണ്ടാകും. ആ നന്മകളെ പിൻപറ്റി കുട്ടികളും നടക്കുന്നതായിരിക്കും. ഇതും മുഅ്മിനിൽ ഉണ്ടായിരിക്കേണ്ടതാണ്. അവരങ്ങനെ വളർന്നു വളർന്ന് വരുന്തോറും വിശുദ്ധ ഖുർആനിന്റെ മഹത്ത്വവും അതിനോടുള്ള സ്നേഹവും അവരുടെ മനസ്സുകളിൽ വർധിച്ചുകൊണ്ടു പോകുന്നതാണ്. നമ്മൾ ചിന്തിച്ചുകൊണ്ട് വിശുദ്ധഖുർആൻ പാരായണം ചെയ്യുകയാണെങ്കിൽ വീടുകളിൽ ഭാര്യാഭർത്താക്കന്മാരിൽ അല്ലാഹുവിനുവേണ്ടി സ്നേഹത്തിന്റേയും സമ്പ്രീതി

ശേഷം പേജ് 9 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin